


വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
ജനുവരി

Volume VI Issue 64

Times of America Online Monthly News Journal.
web:mytimesofamerica.com

Tel: 267-991-2111
e-mail:timesofamerica@yahoo.com





വിചാരകേരളം ▶ 3



**ജോർജ് തഴക്കര**

സമാധാന നൊബേൽ സമ്മാനം ഇന്ത്യയുടെ കൈലാസ് സത്യാർത്ഥിക്കും പാകിസ്ഥാന്റെ മലാല യൂസഫ് സായിക്കും ലഭിച്ചതിലൂടെ രണ്ടു രാജ്യങ്ങളും ശത്രുത മറന്ന് സഹകരിക്കണമെന്ന സന്ദേശമാണ് നൽകിയത്.

ആഗോളസാമ്പത്തിക രംഗത്ത് അമേരിക്കയുടെ ആധിപത്യത്തിനു ഇടിവുണ്ടായി. ചൈന ഏറ്റവും വലിയ സാമ്പത്തിക രാജ്യമായി. യൂറോപ്യൻ രാജ്യങ്ങളിലെ 38 രാജ്യങ്ങളിൽ വോട്ടെടുപ്പു നടന്നു. പുരോഗമനപരിപാടികൾക്കു തുടക്കം കുറിച്ചുകൊണ്ട് ഫ്രാൻസിസ് മാർ പാപ്പാ നടത്തിയ പരിഷ്കരണം പുതിയൊരു സൗഹൃദത്തിനു വഴിയൊരുക്കി.

## പലസ്തീൻ പ്രമേയം രക്ഷാസമിതി തള്ളി

*ന്യൂയോർക്ക്:* അധിനിവേശ പലസ്തീൻ പ്രദേശത്തുനിന്ന് 2017നകം ഇസ്രയേൽ പിന്മാറണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം രക്ഷാസമിതിയിൽ പാസായില്ല. അർജന്റീന, ഛാഡ്, ചിലി, ചൈന, ഫ്രാൻസ്,ജോർദാൻ, ലക്സംബർഗ്, റഷ്യ എന്നീ എട്ട് രാജ്യങ്ങൾ പ്രമേയത്തെ അനുകൂലിച്ചു. പ്രമേയം പാസാവാൻ ഒമ്പതുവോട്ടാണു വേണ്ടത്. യുഎസും ഓസ്ട്രേലിയയും പ്രമേയത്തെ എതിർത്തു വോട്ടു ചെയ്തു. ബ്രിട്ടൻ, നൈജീരിയ, സൗത്ത് കൊറിയ, റുവാണ്ട, ലിത്വേനിയ എന്നീ രാജ്യങ്ങൾ വോട്ടിംഗിൽനിന്നു വിട്ടുനിന്നു. നൈജീരിയ പ്രമേയത്തെ അനുകൂലിക്കുമെന്നായിരുന്നു നേരത്തെയുണ്ടായിരുന്ന ധാരണ.

പ്രമേയം പരാജയപ്പെട്ട സാഹചര്യത്തിൽ രാജ്യാന്തര ക്രിമിനൽ കോടതിയിൽ (ഐസിസി) അംഗത്വമെടുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുമെന്ന് പലസ്തീൻ നേതാക്കൾ വ്യക്തമാക്കി. യുദ്ധക്കുറ്റത്തിന് ഇസ്രയേലിനെതിരേ കേസ് ഫയൽ ചെയ്യാൻ ഇതുമൂലം പലസ്തീനു സാധിക്കും. എന്നാൽ ഐസിസിയിൽ ചേരുന്നത് പലസ്തീൻകാർക്കു വിനയാവുമെന്നും അവരെ യുദ്ധക്കുറ്റത്തിനു പ്രോസിക്യൂട്ടു ചെയ്യാനാവുമെന്നും ഇസ്രേലി വക്താവ് പറഞ്ഞു.

ഐസിസിയിൽ ചേരുന്നതിനുള്ള റോം ഉടമ്പടിയിൽ പ്രസിഡന്റ് മഹമൂദ് അബ്ബാസ് ഉടൻ ഒപ്പുവയ്ക്കുമെന്നു പലസ്തീൻ കേന്ദ്രങ്ങൾ അറിയിച്ചു. മറ്റു 15 അന്താരാഷ്ട്ര ഉടമ്പടികളിൽക്കൂടി അബ്ബാസ് ഒപ്പുവയ്ക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

## ഒബാമയുടെ സന്ദർശനം: ഇന്ത്യ ജാഗ്രതയിൽ



*ന്യൂഡൽഹി:* അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കുന്ന സാഹചര്യത്തിൽ രാജ്യത്തെ ആഭ്യന്തര സുരക്ഷ സംബന്ധിച്ചു ചർച്ച ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. ബാംഗളൂർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിലാണു അടിയന്തര യോഗം ചേർന്നിരിക്കുന്നത്. കേന്ദ്ര പ്രതിരോധ മന്ത്രി മനോഹർ പരീക്കർ, കരസേനാ മേധാവി ദൽബിർ സിംഗ് സുഹാഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ, വിദേശകാര്യ സെക്രട്ടറി സുജാത സിംഗ് എന്നിവർക്ക് പുറമേ രഹസ്യന്വേഷണ ഏജൻസികളുടെ മേധാവികളും യോഗത്തിൽ പങ്കെടുത്തു.

രാജ്യത്തെ ആഭ്യന്തര സുരക്ഷയായിരുന്നു യോഗത്തിൽ പ്രധാന ചർച്ചാ വിഷയമെന്നു യോഗത്തിനുശേഷം കരസേനാ മേധാവി വ്യക്തമാക്കി.

## രണ്ടു വയസുകാരന്റെ വെടിയേറ്റ് അമ്മ മരിച്ചു

*വാഷിംഗ്ടൺ:* അമേരിക്കയിലെ ഐഡഹോയിലെ ഹെയ്ഡനിലുള്ള വാൾമാർട്ട് ഷോപ്പിംഗ് മാളിൽ രണ്ടു വയസുകാരന്റെ വെടിയേറ്റ് അമ്മ മരിച്ചു. ഐഡഹോ നാഷണൽ ലബോറട്ടറിയിൽ ആണവഗവേഷകയായ വെറോനിക്ക റട്‌ലെഡ്ജ് (29) ആണ് രണ്ടു വയസുള്ള മകന്റെ വെടിയേറ്റ് കൊല്ലപ്പെട്ടത്.

കുടുംബാംഗങ്ങളോടൊപ്പം ഷോപ്പിംഗിനെത്തിയ വെറോനിക്കയുടെ അടുത്തുനിന്നു മാറിയ കുട്ടി അമ്മയുടെ പേഴ്സ് കൈക്കലാക്കുകയും അതിലുണ്ടായിരുന്ന തോക്കെടുത്ത് കളിച്ചപ്പോൾ അബദ്ധത്തിൽ വെടിപൊട്ടുകയുമായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. സംഭവത്തെത്തുടർന്ന് വാൾമാർട്ടിന്റെ സ്റ്റോർ അടച്ചിട്ടു.

നവംബറിൽ വാഷിംഗ്ടണിലെ ലേക്ക് സ്റ്റീവൻസിൽ അബദ്ധത്തിൽ വെടിയേറ്റ് മൂന്നു വയസുകാരനു ഗുരുതര പരിക്കേറ്റിരുന്നു.











## ഒബാമ നിയമിച്ച 88 ജഡ്ജിമാർ സ്ഥിരമാക്കപ്പെട്ടു

ഏബ്രഹാം തോമസ്

*വാഷിംഗ്ടൺ:* നിലവിലെ സെനറ്റിന്റെ അവസാന സമ്മേളനം തീരുന്നതിനുമുമ്പ് പ്രസിഡന്റ് ബറാക് ഒബാമ നിയമിച്ച 12 ജഡ്ജിമാർകൂടി സ്ഥിരമാക്കപ്പെട്ടു. ഈ വർഷം മുമ്പ് 76 ജഡ്ജിമാരെ സ്ഥിരമാക്കിയിരുന്നു. അങ്ങനെ പ്രസിഡന്റ് ഫെഡറൽ കോടതികളിലേയ്ക്ക് നടത്തിയ 88 ജഡ്ജിമാരാണ് സ്ഥിരമാക്കപ്പെട്ടത്. ഇതിനുമുൻപ് 1994ൽ പ്രസിഡന്റ് ബിൽക്ലിന്റൺ നടത്തിയ 99 നിയമനങ്ങളാണ് ഒരു വർഷം നടന്ന ഏറ്റവും കൂടുതൽ നിയമനങ്ങൾ.

കഴിഞ്ഞ വർഷം നിയമിച്ച 43 ജഡ്ജിമാരും 2012ൽ നിയമിച്ച 49 ജഡ്ജിമാരും സ്ഥിരമാക്കപ്പെട്ടിരുന്നു. ഒരുവർഷം മുമ്പ് ഡെമോക്രാറ്റുകൾ പാസാക്കിയെടുത്ത ഫിലിഒബസ്റ്റർ തടയാൻ സെനറ്റിൽ കേവല ഭൂരിപക്ഷം മതി എന്ന നിയമമാണ് നിയമനങ്ങൾ എതിരില്ലാതെ സ്ഥിരമാക്കപ്പെടുവാൻ സഹായിച്ചത്.

ബറാക് ഒബാമയുടെ ഭരണത്തിന്റെ ആറ് വർഷത്തിനുള്ളിൽ 303 ഫെഡറൽ അപ്പീൽസ്, ഡിസ്ട്രിക്ട് കോടതി ജഡ്ജിമാർ സ്ഥിരമാക്കപ്പെട്ടു. ഇതേ കാലയളവിൽ ക്ലിന്റന്റെ 298 ഉം ജോർജ് ഡബ്ല്യു ബുഷിന്റെ 253 ഉം ആണ് ജഡ്ജിമാരുടെ നിയമനങ്ങൾ സ്ഥിരമാക്കപ്പെട്ടത്. ഇത്രയധികം ജഡ്ജിമാരെ നിയമിക്കുവാൻ കഴിഞ്ഞത് ഒബാമയ്ക്ക് ജൂഡീഷ്യറിയിൽ വലിയ നേട്ടങ്ങളുണ്ടാക്കുവാൻ സഹായിക്കുമെന്ന് നിരീക്ഷകർ കരുതുന്നു. വർഷങ്ങൾക്ക് ശേഷം പോലും ഈ ജഡ്ജിമാരുടെ വിധിന്യായങ്ങൾ പരാമർശിക്കപ്പെടുമ്പോൾ ഇവരെ ആരാണ് നിയമിച്ചത് എന്ന് പ്രത്യേകം എടുത്തു പറയുക ഒരു പതിവാണ്. റിപ്പബ്ളിക്കൻ സെനറ്റും പ്രസിഡന്റ് ടിക്കറ്റ് പ്രത്യാശിയുമായ ടെഡ്ക്രൂസ് നിയമവിരുദ്ധമായി കുടിയേറിയ 40 ലക്ഷം പേരെ ഉടനെ നാടുകടത്തേണ്ടതില്ല എന്ന പ്രസിഡന്റിന്റെ എക്സിക്യൂട്ടീവ് ഓർഡറിനെതിരെ പ്രമേയം അവതരിപ്പിച്ചിരുന്നു. പ്രമേയം പരാജയപ്പെട്ടത് ഡെമോക്രാറ്റുകൾക്ക് നൽകിയ പ്രചോദനമാണ് ഇത്രയധികം നിയമനങ്ങൾ സ്ഥിരീകരിച്ച് മുന്നോട്ടുപോകാൻ അവരെ പ്രേരിപ്പിച്ചത്.

## എയർ ഏഷ്യ വിമാനം: മൃതദേഹങ്ങളും വിമാനഭാഗങ്ങളും കണ്ടെത്തി



*ജക്കാർത്ത/സിംഗപ്പൂർ:* 162 പേരുമായി ഇന്തോനേഷ്യയിലെ സുരബായയിൽ നിന്നു സിംഗപ്പൂരിലേക്കു പോകവേ ഞായറാഴ്ച കാണാതായ എയർ ഏഷ്യ വിമാനത്തിന്റെ ഭാഗങ്ങളും മൂന്നു മൃതദേഹങ്ങളും ജാവ കടലിൽ കണ്ടെത്തി.

എയർ ഏഷ്യ വിമാനവുമായുള്ള ബന്ധം നഷ്ടമായ പ്രദേശത്തിനു സമീപത്തുനിന്നാണു മൃതദേഹങ്ങളും വിമാനഭാഗങ്ങളും കണ്ടെത്തിയത്. സെൻട്രൽ കലിമന്താനിലെ പാംഗ്കലാനിൽ കണ്ടെത്തിയ ചുവപ്പും വെള്ളയും നിറത്തിലുള്ള വിമാനഭാഗങ്ങൾ എയർ ഏഷ്യ വിമാനത്തിന്റേതാണെന്ന് ഇന്തോനേഷ്യൻ ഗതാഗത വകുപ്പ് ആക്ടിംഗ് ഡയറക്ടർ ജനറൽ ജോക്കോ മുർജാട്മോജോ പറഞ്ഞു.

ഇന്നലെ രാവിലെയാണു വിമാനഭാഗങ്ങൾ കണ്ടെത്തിയത്. കാണാതായ വിമാനത്തിന്റേതെന്നു സംശയിക്കുന്ന ഭാഗങ്ങളും ഒരു മൃതദേഹവും ഒഴുകുന്നതു തെരച്ചിൽ നടത്തിയിരുന്ന വിമാനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നു യുദ്ധക്കപ്പലുകൾ നടത്തിയ തെരച്ചിലിലാണു കൂടുതൽ മൃതദേഹങ്ങൾ കണ്ടെത്തിയത്.

മൃതദേഹങ്ങൾക്കായുള്ള തെരച്ചിൽ തുടരുകയാണ്. കടലിൽനിന്നു കണ്ടെടുത്ത എമർജൻസി ഡോർ, ഓക്സിജൻ ടാങ്ക് എന്നിവ കൂടുതൽ പരിശോധനകൾക്കായി ഹെലികോപ്റ്ററിൽ കരയ്ക്കെത്തിച്ചതായി നാവികസേനാ ഉദ്യോഗസ്ഥൻ പറഞ്ഞു.

മൃതദേഹങ്ങൾ ഒഴുകിനടക്കുന്ന ദൃശ്യങ്ങൾ ചില ടെലിവിഷൻ ചാനലുകൾ സംപ്രേഷണം ചെയ്തിരുന്നു. ഇതു കണ്ട യാത്രക്കാരുടെ ബന്ധുക്കൾക്കു ദുഃഖമടക്കാനായില്ല. ചിലർ മോഹാലസ്യപ്പെട്ടു വീണു.

ഇന്തോനേഷ്യൻ നഗരമായ സുരബായയിൽനിന്ന് ഞായറാഴ്ച രാവിലെ പ്രാദേശിക സമയം 5.20നു പറന്നുയർന്ന വിമാനത്തിന് 42 മിനിറ്റിനകം (ഇന്ത്യൻ സമയം 4.54ന്) ജക്കാർത്ത എയർ ട്രാഫിക് കൺട്രോളുമായുള്ള ബന്ധം നഷ്ടമായി. ജാവ കടലിനു മുകളിലൂടെ 32,000 അടി ഉയരത്തിൽ പറക്കുമ്പോഴാണു വിമാനം കാണാതായത്. മോശം കാലാവസ്ഥയെത്തുടർന്ന് 38,000 അടി ഉയരത്തിലേക്കു മാറി പറക്കാൻ അനുമതി തേടിയാണു പൈലറ്റിന്റെ അവസാന സന്ദേശമെത്തിയത്.

വിമാനത്തിൽ 155 യാത്രക്കാരും ഏഴു ജീവനക്കാരുമടക്കം 162 പേരുണ്ടായിരുന്നു.

## നടി ലൂയിസ് റെയിനർ അന്തരിച്ചു



*ലണ്ടൻ:* അടുത്തടുത്ത വർഷങ്ങളിൽ മികച്ച നടിക്കുള്ള ഓസ്കാർ പുരസ്കാരം നേടിയ ഹോളിവുഡ് നടി ലൂയിസ് റെയിനർ (104) അന്തരിച്ചു. ന്യൂമോണിയ ബാധയെത്തുടർന്നാണു ചൊവ്വാഴ്ച റെയിനർ മരിച്ചതെന്നു മകൾ ഫ്രാൻസിസ്ക കിറ്റിൽ–ബോവിയർ അറിയിച്ചതായി അസോസിയേറ്റ് പ്രസ് റിപ്പോർട്ട് ചെയ്തു.

1936, 1937 വർഷങ്ങളിൽ ദ ഗ്രെയ്റ്റ് സീജ്ഫെൽഡ്, ദ ഗുഡ് എർത്ത് എന്നീ ചിത്രത്തിലെ അഭിനയത്തിന് റെയിനർക്ക് മികച്ച നടിക്കുള്ള ഓസ്കർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1910ൽ ജർമനിയിൽ ജനിച്ച ഇവർ ജർമൻ, ഓസ്ട്രിയൻ ചലച്ചിത്രങ്ങളിലെ അഭിനയത്തിനു ശേഷമാണ് ഹോളിവുഡിൽ എത്തുന്നത്. 1935ൽ പുറത്തിറങ്ങിയ എസ്കേപേഡ് ആണ് ആദ്യ ഹോളിവുഡ് ചിത്രം.

## എകെ–47റൈഫിളുമായി ഫോട്ടോയ്ക്കു പോസു ചെയ്ത മജിസ്ട്രേറ്റിന്റെ കസേര തെറിച്ചു

*ലണ്ടൻ:* എകെ–47 റൈഫിളുമായി ഫോട്ടോയ്ക്കു പോസു ചെയ്ത മജിസ്ട്രേറ്റിന്റെ കസേര തെറിച്ചു.

ബ്രിട്ടനിലെ ഡർബി സിറ്റി കൗൺസിലറും ഇന്ത്യൻ വംശജനുമായ അജിത് അത്വാളാണ് ഹതഭാഗ്യൻ.

ഇന്ത്യയിൽ ഒഴിവുകാലം ചെലവഴിക്കാനെത്തിയപ്പോഴാണ് എകെ–47 കൈയിലേന്തി ഫോട്ടോയെടുക്കാനുള്ള ദുർബുദ്ധി അത്വാലിനുണ്ടായത്. പഞ്ചാബ് സ്വദേശിയായ അത്വാൽ മാപ്പു പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. സിറ്റി കൗൺസിലിൽ ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയെ പ്രതിനിധീകരിച്ചിരുന്ന അത്വാൽ രാജിവയ്ക്കണമെന്ന് ഫോട്ടോ പത്രങ്ങളിൽ വന്നപ്പോൾതന്നെ ലേബർപാർട്ടിക്കാർ ആവശ്യപ്പെട്ടു. അത്വാലിന്റെ നടപടി ജുഡീഷറിയെ അപകീർത്തിപ്പെടുത്തുന്നതാണെന്ന് ജുഡീഷൽ കോൺഡക്ട് ഇൻവെസ്റ്റിഗേഷൻസ് ഓഫീസ് അഭിപ്രായപ്പെട്ടു. ഇതെത്തുടർന്ന് അത്വാലിനെ മജിസ്ട്രേറ്റ് പദവിയിൽനിന്നു നീക്കം ചെയ്തുകൊണ്ട് ചീഫ് ജസ്റ്റീസ് ഉത്തരവിടുകയായിരുന്നു.

## പ്രമുഖ പത്രപ്രവർത്തകൻ ബി.ജി.വർഗീസ് അന്തരിച്ചു



*ന്യൂഡൽഹി:* പ്രമുഖ പത്രപ്രവർത്തകൻ ബി.ജി.വർഗീസ് ഡിസംബർ 30 ചൊവ്വാഴ്ച അന്തരിച്ചു.

1986 മുതൽ സെന്റർ ഫോർ പോളിസി റിസർച്ചിന്റെ അമരക്കാരനായിരുന്നു.

ഇന്ദിരാഗാന്ധിയുടെ അടുത്ത മിത്രമായിരുന്നശേഷം അവരെ എതിർത്തു ജോലി രാജിവച്ച ശ്രദ്ധേയ വ്യക്തിത്വമാണ് അന്തരിച്ച ബി.ജി. വർഗീസ്. ഇന്ദിരാഗാന്ധിയുടെ പ്രസ് സെക്രട്ടറി ആയിരിക്കേ പ്രധാനമന്ത്രിക്കു പ്രസംഗങ്ങൾ എഴുതി നൽകിയിരുന്നത് വർഗീസായിരുന്നു. ഇന്ദിരാഗാന്ധിയോട് ഏറെ അടുപ്പം നിലനിർത്തിയ അദ്ദേഹം സിക്കിമിനെ ഇന്ത്യയോടു ചേർത്തതിനെ വിമർശിച്ചതിന്റെ പേരിൽ ജോലി രാജിവയ്ക്കേണ്ടി വന്നു. കാഞ്ചൻ ജംഗ, ഇതാ വരുന്നു ഞങ്ങൾ എന്ന പേരിൽ ഹിന്ദുസ്ഥാൻ ടൈംസിൽ എഴുതിയ മുഖപ്രസംഗമാണു ഇന്ദിരയുടെ അനിഷ്ടത്തിനു കാരണമായത്.

അടിയന്തരാവസ്ഥയ്ക്കു ശേഷം 1977ലെ തെരഞ്ഞെടുപ്പിൽ മാവേലിക്കരയിൽനിന്നു ലോക്സഭയിലേക്കു ഇടതുപക്ഷ സംയുക്ത സ്വതന്ത്രനായി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1975ൽ പത്രപ്രവർത്തനത്തിനുള്ള മാഗ്സസെ അവാർഡ് ലഭിച്ചു. കോമൺവെൽത്ത് ഹ്യൂമൺ റൈറ്റ് ഇനിഷ്യേറ്റീവിന്റെ അധ്യക്ഷൻ, എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. പാർലമെന്റിൽ വച്ച കാർഗിൽ റിവ്യൂ കമ്മിറ്റി റിപ്പോർട്ടു തയാറാക്കി. 2002ൽ ഗുജറാത്ത് കലാപത്തിനു ശേഷം എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലെ ഗുജറാത്ത് ഫാക്ട് ഫൈൻഡിംഗ് മിഷനിലെ അംഗമായിരുന്നു.

ബ്രെയ്ക്കിംഗ് ദ ബിഗ് സ്റ്റോറി: ഗ്രേറ്റ് മൊമന്റ്സ് ഇൻ ഇന്ത്യൻ ജേർണലിസം, വാട്ടേഴ്സ് ഓഫ് ഹോപ്, ഹാർണസിംഗ് ദി ഈസ്റ്റേൺ ഹിമാലയൻ റിവേഴ്സ്, വിന്നിംഗ് ദി ഫ്യൂച്ചർ, ഇന്ത്യാസ് നോർത്തീസ്റ്റ് റീസർജന്റ് ആൻഡ് റീ ഓറിയന്റിംഗ് ഇന്ത്യ, റെയ്ജ്, റീകൻസിലിയേഷൻ ആൻഡ് സെക്യൂരിറ്റി എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങൾ. ഫസ്റ്റ് ഡ്രാഫ്റ്റ്: വിറ്റ്നസ് ടു മെയ്ക്കിംഗ് ഓഫ് മോഡേൺ ഇന്ത്യ ആണ് അദ്ദേഹത്തിന്റെ ആത്മകഥ. ഡിസൈൻ ഫോർ ടുമോറോ തുടങ്ങി നിരവധി ശ്രദ്ധേയമായ ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാംനാഥ് ഗോയങ്കയുടെ ജീവചരിത്രവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കടൽക്കൊല: ആരോഗ്യനില തൃപ്തികരമെങ്കിൽ നാവികൻ മടങ്ങിയെത്തുമെന്ന് ഇറ്റലി

*ന്യൂഡൽഹി:* ആരോഗ്യനില തൃപ്തികരമെങ്കിൽ കടൽക്കൊല കേസിലെ പ്രതിയായ നാവികൻ തിരിച്ചെത്തുമെന്ന് ഇറ്റലി. ചികിത്സയ്ക്കായി ഇറ്റലിയിലേക്കു പോയ മാസിമിലിയാനോ ലാത്തോറെ ജനുവരി മധ്യത്തോടെ മടങ്ങിയെത്തണമെന്ന സുപ്രീംകോടതി നിർദേശത്തെക്കുറിച്ചു പ്രതികരിക്കവേയാണ് ഇറ്റാലിയൻ വിദേശകാര്യമന്ത്രി പൗളോ ജെന്റിലോണി ഇക്കാര്യം വ്യക്തമാക്കിയത്. നാവികന്റെ ആരോഗ്യത്തിനാണു പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

## പോയവർഷം... നേട്ടങ്ങളും കോട്ടങ്ങളും

■ജോർജ് തഴക്കര

ആഭ്യന്തര കലാപത്തിലും രോഗഭീതിയിലും പ്രകൃതിദുരന്തത്തിലും ആകാശദുരന്തത്തിലും ലോകജനതയിൽ നടുക്കം സൃഷ്ടിച്ച വർഷമായിരുന്നു 2014. നാസയുടെ ഓപ്പർച്യൂണിറ്റിന്റെ വിജയം അമേരിക്ക ആഘോഷിച്ചുവെങ്കിലും ബഹിരാകാശ ടൂറിസത്തിനായി നിർമിച്ച സ്പേസ്ഷിപ്-2 പേടകം പരീക്ഷണത്തിനിടയിൽ കത്തിയമർന്നത് ബഹിരാകാശ ടൂറിസത്തിനേറ്റ കനത്ത പ്രഹരമായിരുന്നു. ഇന്ത്യ സ്പേസ് രംഗത്ത് മികവു കാട്ടി. ജി സാറ്റ് 14 ഉപഗ്രഹവും, അഞ്ച് വിദേശ ഉപഗ്രഹങ്ങളുമായി പി.എസ്.എൽ.വിഡി 23 വിക്ഷേപണവും വിജയകരമായിരുന്നു. മംഗൾയാൻ ചൊവ്വായുടെ ഭ്രമണപഥത്തിലെത്തിയതിലൂടെ ഇന്ത്യ ലോക സ്പേസ് രംഗത്ത് അത്യപൂർവ്വമായ നേട്ടമാണ് കൈവരിച്ചത്.

നീതിന്യായ രംഗത്ത് ഇന്ത്യൻ ജനാധിപത്യരാജ്യം കാലാനുസൃതമായി പുതുക്കപ്പെട്ടുവെന്ന് തെളിയിക്കുന്ന പല വിധികളും സുപ്രീം കോടതി പുറപ്പെടുവിച്ച വർഷമായിരുന്നു 2014. രാജീവ് വധക്കേസിൽ പേരറിവാളിന്റെയും ശാന്തന്റെയും മുരുകന്റെയും വധശിക്ഷ റദ്ദാക്കി. ഐ.എസ്.ആർ.ഒ ചാരക്കേസ് സുപ്രീം കോടതി റദ്ദാക്കി. തിരുവിതാംകൂർ രാജഭരണത്തിന് ഭാഗികമായി വിരാമമിട്ടുകൊണ്ട് ശ്രീപത്മനാഭസ്വാമിക്ഷേത്രം ജുഡിഷ്യൽ നിയന്ത്രണത്തിലാക്കി. ദയാഹർജി തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായാൽ പ്രതികളുടെ വധശിക്ഷ ഇളവു ചെയ്യാമെന്ന വിധിയും മദനിയുടെ വിചാരണ നാലു മാസത്തിനകം തീർക്കണമെന്നതും ഏറെ സ്വാഗതം ചെയ്യപ്പെട്ടു. വിവരാവകാശ നിയമം രാഷ്ട്രീയപ്രവർത്തകർക്കും ബാധകമെന്ന വിവരാവകാശ കമ്മീഷന്റെ തീരുമാനവും അംഗീകാരം നേടി. മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്നും പുതിയത് വേണ്ടെന്നുമുള്ള വിധി കേരളത്തെ സംബന്ധിച്ചിടത്തോളം ദോഷകരമായി.

വിമാനാപകടദുരന്തം പോയവർഷത്തെ നടുക്കി. 239 യാത്രക്കാരുമായി മലേഷ്യൻ വിമാനം കാണാതായതും, മലേഷ്യൻ വിമാനം യുക്രെയ്നിൽ തകർന്നുവീണ് 295 പേർ മരിച്ചതും, 162 യാത്രക്കാരുമായി എയർ ഏഷ്യ വിമാനം തകർന്നതും പോയവർഷത്തെ ദുരന്തമായിരുന്നു.

ഇസ്രായേൽ മുൻ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ, മാജിക്കൽ റിയലിസന്റെ വക്താവായ ഗബ്രിയേൽ മാർക്കേസ്, ബി.ജെ.പി. മുൻ അദ്ധ്യക്ഷൻ ബങ്കാരു ലക്ഷ്മണൻ, സംവിധായകൻ റിച്ചാർഡ് ആറ്റൻബറോ, ചരിത്രകാരനായ ബിപിൻ ചന്ദ്ര, യൂണിയൻ കാർബേഡ് മുൻ മേധാവി വാറൻ ആൻഡേഴ്സൺ, സംവിധായകൻ ബാലു മഹേന്ദ്ര, ചലച്ചിത്രകാരൻ രവി ചോപ്ര, സംഗീതസംവിധായകൻ പി.രാമദാസ്, ബംഗാളി വിമർശകനും പത്രപ്രവർത്തകനുമായ ഖുശ്വന്ത് സിംഗ്, കന്നഡ എഴുത്തുകാരൻ യു.ആർ.അനന്തമൂർത്തി, സംഗീത സംവിധായകൻ കെ.രഘുകുമാർ, കേന്ദ്ര ഗ്രാമവികസന മന്ത്രി ഗോപിനാഥ മുണ്ടെ, മുൻമന്ത്രി ആന്തുലെ എന്നിവർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മലങ്കര ഓർത്തഡോക്സ് അധിപൻ ദിദിമൊസ് കാതോലിക്ക ബാവ, കഥാകാരൻ ഉണ്ണിക്കൃഷ്ണൻ പുതൂർ, കവയിത്രി കൂത്താട്ടുകുളം മേരിജോൺ, സി.എം.പി.നേതാവ് എം.വി.രാഘവൻ, സംഗീത സംവിധായകൻ ഉദയഭാനു, ഗ്രന്ഥകാരൻ എൻ. ഗോപാലകൃഷ്ണൻ, ചിത്രകാരൻ എം.വി.ദേവൻ, വിദ്യാഭ്യാസ വിചക്ഷണ ഹൃദയകുമാരി, അന്താരാഷ്ട്ര നിയമജ്ഞൻ വി.ആർ.കൃഷ്ണയ്യർ, പത്രപ്രവർത്തകൻ ബി.ജി. വർഗീസ്, സിനിമാ നിർമാതാവ് ഇ.വാസുദേവൻ, നടൻ എൻ. ബാലകൃഷ്ണൻ എന്നിവർ മലയാളക്കരയിൽ നിന്നും വിടപറഞ്ഞു.

അമേരിക്കയിൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ ഒബാമ തിരിച്ചടി നേരിട്ടു. സെനറ്റിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചു. സുസ്ഥിരമായ ഭരണത്തിന് ഇത് തടസ്സം സൃഷ്ടിച്ചു. ഇന്ത്യയുടെ പതിനഞ്ചാമത് പ്രധാനമന്ത്രിയായി നരേന്ദ്രമോഡി അധികാരത്തിലെത്തിയതും സത്യപ്രതിജ്ഞ ചടങ്ങിൽ അയൽരാജ്യങ്ങളിലെ ഭരണാധികാരികളെ ക്ഷണിച്ചുവരുത്തിയതും ശ്രദ്ധിക്കപ്പെട്ടു. മുഖ്യമന്ത്രിയായിരിക്കെ അഴിമതിയാരോപണത്തിന്റെ പേരിൽ ജയലളിതയെ ജയിലിലടച്ചത് നീതിന്യായവ്യവസ്ഥയുടെ സുതാര്യതയ്ക്കുള്ള തെളിവായി. ഭരണവും വിധിയും രണ്ടാണെന്നു തെളിയിച്ച സുപ്രധാനവിധിയായിരുന്നു ഇത്.

സമാധാന നൊബേൽ സമ്മാനം ഇന്ത്യയുടെ കൈലാസ് സത്യാർത്ഥിക്കും പാകിസ്ഥാന്റെ മലാല യൂസഫ് സായിക്കും ലഭിച്ചതിലൂടെ രണ്ടു രാജ്യങ്ങളും ശത്രുത മറന്ന് സഹകരിക്കണമെന്ന സന്ദേശമാണ് നൽകിയത്.

ഇറാക്കിൽ സുന്നി സായുധസേനയും വിമതരും തമ്മിലുണ്ടായ ആഭ്യന്തരകലാപം ഗൾഫ് മേഖലയെയും ഏഷ്യൻ രാജ്യങ്ങളെയും ബാധിച്ചു. ഗാസയിലുണ്ടായ ഇസ്രായേൽ ആക്രമണത്തിൽ മരിച്ചവരുടെ എണ്ണം 1670. പെഷവാർ സൈനിക സ്കൂളിൽ താലിബാൻ ആക്രമണത്തിൽ 145 പേർ കൊല്ലപ്പെട്ടു. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ പടർന്നുപിടിച്ച എബോള 7883 ജീവനെടുത്തു.

ആഗോളസാമ്പത്തിക രംഗത്ത് അമേരിക്കയുടെ ആധിപത്യത്തിനു ഇടിവുണ്ടായി. ചൈന ഏറ്റവും വലിയ സാമ്പത്തിക രാജ്യമായി. യൂറോപ്യൻ രാജ്യങ്ങളിലെ 38 രാജ്യങ്ങളിൽ വോട്ടെടുപ്പു നടന്നു. പുരോഗമനപരിപാടികൾക്കു തുടക്കം കുറിച്ചുകൊണ്ട് ഫ്രാൻസിസ് മാർ പാപ്പാ നടത്തിയ പരിഷ്കരണം പുതിയൊരു സൗഹൃദത്തിനു വഴിയൊരുക്കി.

## ശ്രീനാരായണഗുരുസൂക്തങ്ങളുടെ പ്രസക്തി വർധിച്ചു: ഗവർണർ



*ശിവഗിരി:* മതങ്ങളുടെയും ദൈവങ്ങളുടെയും പേരിലുള്ള സംഘർഷം പെരുകുന്ന വർത്തമാനകാലത്തു ശ്രീനാരായണഗുരു സൂക്തങ്ങളുടെ പ്രസക്തി വർധിക്കുകയാണെന്ന് ഗവർണർ പി. സദാശിവം.

82-ാമത് ശിവഗിരി തീർഥാടന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നതാണു ശ്രീനാരായണഗുരു സൂക്തങ്ങളുടെ സാരാംശം. ഓരോരുത്തരുടെയും ആത്മീയതയെ ഉണർത്തുന്ന ഈ സന്ദേശം ലോകത്തിനാകെ മാതൃകയാകേണ്ട ഒന്നാണ്. നന്മ, സ്നേഹം, സുകൃതം, സത്യം, അനുകമ്പ, സഹാനുഭൂതി എന്നിങ്ങനെ എന്തു പേരിലും ഇതിനെ വിശേഷിപ്പിക്കാം.

ഇത്തരം സന്ദേശങ്ങൾ പകർന്നുതരുന്ന ഊർജമാണ് എല്ലാ മതങ്ങളുടെയും സംസ്കാരങ്ങളുടെയും ആത്മാവ്. സാമൂഹ്യപരിഷ്കർത്താവും ക്രാന്തദർശിയുമായ ശ്രീനാരായണഗുരു, ഡോ.എസ്. രാധാകൃഷ്ണൻ വിശേഷിപ്പിച്ചതുപോലെ എല്ലാ അർഥത്തിലും വിപ്ലവകാരിയായ സന്യാസി തന്നെയായിരുന്നു.

ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ അനുഗ്രഹപ്രഭാഷണം നടത്തി.

ശിവഗിരിമഠത്തിന്റെ പേരിൽ ഉപഹാരം അദ്ദേഹം ഗവർണർക്കു സമ്മാനിച്ചു. തീർഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി സച്ചിദാനന്ദ തീർഥാടനപരിപാടികൾ വിശദീകരിച്ചു. സ്വാമി സൂക്ഷ്മാനന്ദ, വർക്കല കഹാർ എംഎൽഎ എന്നിവർ പ്രസംഗിച്ചു.

ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് മുൻ ട്രഷറർ സ്വാമി അമൃതാനന്ദ ഭദ്രദീപ പ്രകാശനം നിർവഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ സ്വാഗതവും തീർഥാടന കമ്മിറ്റി ജോയിന്റ് സെക്രട്ടറി സ്വാമി വിശാലാനന്ദ നന്ദിയും പറഞ്ഞു. അപർണ ദൈവദശകം ആലപിച്ചു.

## ഹിറ്റുകളുടെ നിർമ്മാതാവ് ടി.ഇ. വാസുദേവൻ അന്തരിച്ചു



*കൊച്ചി:* അരനൂറ്റാണ്ടിലേറെ മലയാള ചലച്ചിത്രരംഗത്തു നിറഞ്ഞുനിന്ന നിർമാതാവും വിതരണക്കാരനുമായ ടി.ഇ. വാസുദേവൻ (97) അന്തരിച്ചു. എറണാകുളം പനമ്പിള്ളിനഗറിലെ വസതിയിൽ ഇന്നലെ വൈകുന്നേരം ആറരയോടെയായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്നു ചികിത്സയിലായിരുന്നു. സംസ്കാരം ഇന്നു മൂന്നിനു രവിപുരം ശ്മശാനത്തിൽ.

മലയാളത്തിൽ അമ്പതോളം സിനിമകൾ നിർമിക്കുകയും ആയിരത്തിലധികം ചിത്രങ്ങൾ വിതരണം ചെയ്യുകയും ചെയ്ത വാസുദേവൻ പ്രഥമ ജെ.സി. ഡാനിയൽ പുരസ്കാര ജേതാവാണ്. ജയ്മാരുതി വാസുദേവൻ എന്ന പേരിൽ സിനിമാലോകത്ത് അറിയപ്പെട്ടിരുന്ന വാസുദേവൻ തൃപ്പൂണിത്തുറയിൽ ശങ്കരമേനോൻ- യശോദാമ്മ ദമ്പതികളുടെ മകനായി 1917 ജൂലൈ 17നാണു ജനിച്ചത്.

1989ൽ ഇന്ത്യൻ സിനിമയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചപ്പോൾ ആദരിക്കപ്പെട്ട 75 ചലച്ചിത്ര പ്രതിഭകളിൽ വാസുദേവനും ഉണ്ടായിരുന്നു. എം.കെ. രാധമ്മയാണു ഭാര്യ. വത്സല ഏക മകളാണ്.

## അച്യുതാനന്ദനെതിരേ സിപിഎം സെക്രട്ടേറിയറ്റ്



*തിരുവനന്തപുരം:* കൃഷ്ണപിള്ള സ്മാരകം തകർത്ത സംഭവത്തിലെ നിലപാടിന്റെ പേരിൽ പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദനെതിരേ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ്.

പാർട്ടി നിലപാടിനോടു യോജിക്കാതെ പരസ്യമായി പ്രതികരിച്ചതു ശരിയായില്ലെന്ന് അഭിപ്രായപ്പെട്ട സെക്രട്ടേറിയറ്റ്, ശരിയായ നിലപാടു സ്വീകരിക്കാൻ വി.എസ് തയാറാകുമെന്നു പ്രതീക്ഷിക്കുന്നതായും പറയുന്നു. സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് പുറത്തിറക്കിയ പത്രക്കുറിപ്പിലാണു വി.എസിന്റെ നിലപാടിനെ തള്ളിയത്.

പോലീസ് പ്രതിചേർത്തവർക്കെതിരേ പാർട്ടി നടപടിയെടുത്തതു ശരിയായില്ലെന്ന് അച്യുതാനന്ദൻ അഭിപ്രായപ്പെട്ടിരുന്നു. പോലീസ് റിപ്പോർട്ട് അപ്പാടെ അംഗീകരിക്കുകയാണു പാർട്ടി ചെയ്തത്. പാർട്ടി അത് അവജ്ഞയോടെ തള്ളണമായിരുന്നുവെന്നും കമ്യൂണിസ്റ്റുകാർ അമ്മയെ തല്ലുന്നവരല്ലെന്നും വി.എസ് പറഞ്ഞിരുന്നു.

കമ്യൂണിസ്റ്റ്വിരുദ്ധ വികാരത്തോടെ ജീവിക്കുന്ന ലതീഷ് ചന്ദ്രനെ വി.എസ് അറിയാത്തതല്ലെന്നു സെക്രട്ടേറിയറ്റ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടുന്നു. ജീവിച്ചിരിക്കുന്ന പാർട്ടി നേതാക്കന്മാരുടെ കോലം കത്തിക്കാൻ പരസ്യമായി തയാറായ ലതീഷ് ചന്ദ്രനെ പാർട്ടിയിൽനിന്നു മുമ്പേ പുറത്താക്കിയതാണ്. പാർട്ടിവിരുദ്ധ വികാരത്തിനപ്പുറം പാർട്ടിയോടു ശത്രുതാമനോഭാവംകൂടി ലതീഷ് ചന്ദ്രനിൽ നിലനിൽക്കുന്നുണ്ട്.

പാർട്ടിയെ തകർക്കാനുള്ള പരസ്യ പ്രവർത്തനത്തിലേർപ്പെട്ട ലതീഷ് ചന്ദ്രനെ മുഖ്യമന്ത്രിയുടെ സ്റ്റാഫിൽ ഉൾപ്പെടുത്തിയപ്പോൾ ഒഴിവാക്കണമെന്ന് ആലപ്പുഴ ജില്ലാ ഘടകം നിരന്തരം ആവശ്യപ്പെട്ടിട്ടും ലതീഷ് ചന്ദ്രൻ സ്റ്റാഫിൽ തുടർന്നത് വി.എസിന്റെ പ്രത്യേക മനോഭാവം കാരണമായിരുന്നു. അതേ മനോഭാവംതന്നെയാണു കൃഷ്ണപിള്ളസ്മാരകം തകർത്ത കേസിൽ ലതീഷ് ചന്ദ്രനടക്കമുള്ളവരുടെ കാര്യത്തിലും വി.എസ് തുടരുന്നത്. വി.എസ്. അച്യുതാനന്ദന്റെ തെറ്റായ ഈ നിലപാട് പാർട്ടിക്ക് അംഗീകരിക്കാനാകില്ലെന്നും സെക്രട്ടേറിയറ്റ് വ്യക്തമാക്കി.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: Tel: 267-991-2111.

## നവവത്സരാഘോഷം 3ന്

**പി.പി ചെറിയാൻ**

*ഡാളസ്:* ഡാളസ് ഫോർട്ട്വർത്തിലെ മൂന്നു പ്രൊവിൻസുകളും ചേർന്ന് സംഘടിപ്പിക്കുന്ന ക്രിസ്മസ്, നവവത്സരാഘോഷങ്ങൾ 2015 ജനുവരി 3 ശനിയാഴ്ച വൈകിട്ട് അഞ്ചു മുതൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തലിക്ക് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

ശ്രുതി ഓഫ് ഡാളസിന്റെ ഗാനമേള ഉൾപ്പെടെ വിവിധ കലാപരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും. പ്രവേശനം പാസുമൂലം നിയന്ത്രിക്കുന്നതാണ്. ഏവരേയും ആഘോഷങ്ങൾക്ക് ക്ഷണിക്കുന്നതായി ഗോപാലപിള്ള, ജോൺസൻ തലച്ചല്ലൂർ, ഏലിയാസ് കുട്ടി, പത്രോസ് എന്നിവർ അറിയിച്ചു. 18 അംഗ കമ്മിറ്റിയാണ് നവവത്സരാഘോഷങ്ങളുടെ വിജയത്തിനായി പ്രവർത്തിക്കുന്നത്.

വിവരങ്ങൾക്ക്: അലക്സ് അലക്സാണ്ടർ 2142899192, ഷാജി രാമപുരം 972261422, പ്രമോദ് നായർ 4696441135.

## ഡാൻസിംഗ് ഡാം സൽസ്: ജീവിത വിജയം നേടിയ വനിതകളെ ആദരിക്കുന്നു

**ജൈസൺ മാത്യു**

*ടൊറന്റോ:* ഡാൻസിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഡാൻസിംഗ് ഡാം സൽസ് എന്ന നോൺ പ്രോഫിറ്റ് പ്രസ്ഥാനം വർഷം തോറും നൽകാറുള്ള ജീവിത വിജയം നേടിയ വനിതകൾക്ക് നൽകുന്ന അവാർഡിനുള്ള (DD Women Achievers Award 2015) നോമിനേഷനുകൾ ക്ഷണിച്ചു. ഡിസംബർ 31 ആണ് നോമിനേഷനുകൾ ലഭിക്കേണ്ട അവസാന തീയതി.

കല, സാഹിത്യം, നേതൃത്വം, രാഷ്ട്രീയം, ബിസിനസ്, മീഡിയ, സ്വയം തൊഴിൽ, ചാരിറ്റി, വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്ര സാങ്കേതികവിദ്യ തുടങ്ങിയ ജീവിതത്തിന്റെ സമസ്ത മേഖലകളിൽനിന്നും വിജയം കൈവരിച്ച 12 വനിതകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

സ്വന്തം കർമ്മ മണ്ഡലത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ളവരെ അവാർഡിനായി നിർദേശിക്കാവുന്നതാണ്. അവരുടെ സമ്മതത്തോടെ അവരെക്കുറിച്ചുള്ള ഒരു ലഘുവിവരണവും ഫോട്ടോയും സഹിതം ഓൺ ലൈനിൽ നോമിനേഷൻ പൂരിപ്പിച്ച് അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്കും നോമിനേഷൻ ഫോറത്തിനും www.ddshows.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. മാർച്ച് എട്ടിന് അവാർഡുകൾ വിതരണം ചെയ്യും.



**വാർത്താസമാഹരണം**
**ജോയിച്ചൻ പുതുക്കുളം**

## ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് 2015: രജിസ്ട്രേഷൻ കിക്ക് ഓഫ് ചെയ്തു



*ഡാളസ്:* സൗത്ത് വെസ്റ്റ് ഭദ്രാസനത്തിന്റെ 2015 ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ഡിസംബർ 28ന് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യ കരോൾട്ടണിൽ ഭദ്രാസന മെത്രാപോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് നിർവഹിച്ചു.

സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യ, കരോൾട്ടൺ ചർച്ചിന്റെ വികാരി റവ.ഫാ. ജോഷ്വാ ജോർജ്, കോൺഫറൻസ് ഡയറക്ടർ റവ.ഫാ. മാത്യു അലക്സാണ്ടർ, കോൺഫറൻസ് സെക്രട്ടറി എൽസൺ സാമുവൽ, ട്രഷറർ ലജീത്ത് മാത്യു, രജിസ്ട്രേഷൻ കമ്മിറ്റി അംഗം കുര്യൻ വർഗീസ് എന്നിവർ പങ്കെടുത്തു.

## സ്നേഹ സംഗീതവുമായി ജിഎസ്സി




*ഹൂസ്റ്റൺ:* ജനനവും ജീവിതവും മരണവും അത്ഭുതമാക്കിയ ക്രിസ്തുദേവന്റെ തിരുപിറവിയുടെ സ്നേഹസന്ദേശവുമായി ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ (ജിഎസ്സി ഹൂസ്റ്റൺ) വിവിധ അസിസ്റ്റഡ് ലിവിംഗ് സെന്ററുകളും റീഹബിലിറ്റേഷൻ സെന്ററുകളും സന്ദർശിച്ചു.

കഴിഞ്ഞ ഏഴുവർഷമായി കരോൾ ശുശ്രൂഷ നടത്തിവരുന്ന ജിഎസ്സി ഹൂസ്റ്റൺ നഴ്സിംഗ് ഹോമുകളിലെ അന്തേവാസികൾക്ക് കുട്ടികൾ വളരെ കലാപരമായി എഴുതിയുണ്ടാക്കിയ ക്രിസ്മസ് കാർഡുകൾ നൽകുകയുണ്ടായി. കുട്ടികൾ മുതൽ പ്രായമുള്ളവർ വരെ കുടുംബ സമേതം ചേർന്ന് നടത്തിയ കരോൾ സംഘം വിവിധതരം വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ ഇംഗ്ലീഷിലും മലയാളത്തിലും ക്രിസ്മസ് ഗാനങ്ങൾ ആലപിക്കുകയും വേദപുസ്തക പാരായണം നടത്തുകയും ലോക സമാധാനത്തിനുവേണ്ടിയും വാർധക്യത്തിലായിരിക്കുന്നവരുടെ ആയുരാരോഗ്യത്തിനുവേണ്ടിയും പ്രാർഥിക്കുന്നതിനായും സമയം കണ്ടെത്തി.

ഹൂസ്റ്റൺ പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിലായി ആതിഥേയത്വം നൽകിയ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കരോൾ സംഘം സമ്മാനപൊതികൾ വിതരണം ചെയ്യുകയും ക്രിസ്മസ് ആശംസകൾ നേരുകയും ചെയ്തു. വരും വർഷങ്ങളിൽ കൂടുതൽ നഴ്സിംഗ് ഹോമുകൾ സന്ദർശിക്കാനുള്ള പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് കരോൾ സംഘം മടങ്ങിയത്.

ജിഎസ്സി ഹൂസ്റ്റൺ മ്യൂസിക് ഡയറക്ടർ സതീഷ് രാജനെ കരോൾ സംഘം പ്രത്യേകം ആദരിച്ചു.

ബൈജു കുഞ്ഞുമോൻ, സിറിൽ രാജൻ, ജോർജ് കൊച്ചുമ്മൻ, സാബു പുന്നൂസ്, തോമസ് വർഗീസ്, ആനി ജോർജ്, ജെസി സാബു എന്നിവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകി.



## 2015 ജനുവരി മർത്തോമ സഭ താരക മാസമായി ആചരിക്കുന്നു

**പി.പി. ചെറിയാൻ**

*ന്യൂയോർക്ക്:* മർത്തോമ സഭ കൗൺസിലിന്റെ തീരുമാനപ്രകാരം 123-ാം വയസിലേക്ക് പ്രവേശിക്കുന്ന മലങ്കര സഭാ താരകം കൂടുതൽ വരിക്കാരേയും വായനക്കാരേയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 2015 ജനുവരി താരക മാസമായി ആചരിക്കും.

കഴിഞ്ഞ വർഷം സഭാ താരകയ്ക്ക് 5000 പുതിയ വരിക്കാരെ കണ്ടെത്തുവാൻ കഴിഞ്ഞതോടെ താരക വരിക്കാരുടെ എണ്ണം 20,000 കവിഞ്ഞിരിക്കുകയാണ്.

സഭയുടെ ഔദ്യോഗിക നാവ് എന്ന നിലയിൽ മെത്രാപ്പോലീത്തായുടെ കത്ത്, സഭാ വാർത്തകൾ, അറിയിപ്പുകൾ എന്നിവ താരകയിൽ പ്രസിദ്ധീകരിക്കുന്നു.

താരകമാസമായ ജനുവരിയിൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പത്രാധിപ സമിതി അംഗങ്ങളും ഇടവകകൾ സന്ദർശിക്കുമ്പോൾ നിലവിലുള്ളവർ വരിസംഖ്യ പുതുക്കുകയും പുതിയ വരിക്കാരെ ചേർക്കുകയും ചെയ്യണമെന്ന് മാർത്തോമ മെത്രാപ്പോലീത്താ അഭ്യർഥിച്ചു.

റവ. സാംസൺ ജേക്കബ് അച്ചൻ മാനേജരായും പ്രഫ. ക്യാപ്റ്റൻ നേയ്സ് മല്ലിശേരി മാനേജിംഗ് എഡിറ്ററുമായി പ്രവർത്തിക്കുന്ന റൈറ്റ് റവ. ഡോ. സഖറിയാസ് മാർ തിയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തയാണ് മാനേജിംഗ് കമ്മിറ്റി ചെയർമാൻ.

നോർത്ത് അമേരിക്ക - യൂറോപ്പ് ഭദ്രാസനത്തിൽ സഭാ താരക വരിക്കാരുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. ഒരു വീട്ടിൽ ഒരു താരക എന്നാണ് ഇവിടെ ലക്ഷ്യമിട്ടിരിക്കുന്നത്. 2015 കൂടുതൽ അംഗങ്ങളെകൂടി ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയതായി ചുമതലക്കാർ അറിയിച്ചു.

## ന്യൂജേഴ്സിയിൽ 70 കഴിഞ്ഞവർക്ക് ഭദ്രാസന ആദരവ്: ആദ്യ യോഗം 10ന്

**ജോർജ് തുമ്പയിൽ**

*ന്യൂജേഴ്സി:* മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 70 വയസ് തികഞ്ഞ സഭാംഗങ്ങളെ ആദരിക്കുന്ന ആദ്യ ചടങ്ങ് ന്യൂജേഴ്സിയിൽ നടക്കും.

ന്യൂജേഴ്സി, സ്റ്റാറ്റൻഐലൻഡ് ഏരിയായിലെ പള്ളികളിലുള്ള സപ്തതി ആഘോഷം 2015 ജനുവരി 10ന് ഡോവറിലുള്ള സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടക്കും.

ഉച്ചകഴിഞ്ഞ് മൂന്നിന് ഭദ്രാസനാധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപോലീത്തായെ സ്വീകരിച്ചാനയിച്ചശേഷം അനുമോദന സമ്മേളനം നടക്കും. തുടർന്ന് സന്ധ്യാ പ്രാർഥന നടക്കും. വിശദവിവരങ്ങൾക്ക്: ഷാജി വർഗീസ് 862 812 4371, ഫാ. ഷിബു ഡാനിയേൽ 845 641 9132.

## യുഎസ് സൈനിക സേവനത്തിൽ ഇന്ത്യൻ സഹോദരിമാരും

**പി.പി ചെറിയാൻ**



*ലോസാഞ്ചൽസ്:* ഇന്ത്യൻ -അമേരിക്കൻ വംശജരായ സഹോദരിമാർ സ്റ്റാഫ് സാർജന്റ് ബൽറീറ്റ്, സാർജന്റ് ജസ്ലീൻ കൗർ കെയ്റ എന്നിവർ യുഎസ് സൈന്യത്തിന്റെ അഭിമാനമായി മാറുന്നു.

കലിഫോർണിയ എയർനാഷണൽ ഗാർഡ് ഇന്ത്യയിലെ റാണിക്കട്ട് കന്റോൺമെന്റിൽ ഈയിടെ നടത്തിയ യുദ്ധ അഭ്യാസ് 2014 ൽ ഈ സഹോദരിമാർ പങ്കെടുത്തിരുന്നു. ഇന്ത്യ-യുഎസ് സൈനികർക്കിടയിൽ ആശയങ്ങൾ പരസ്പരം കൈമാറുന്നതിന് ഭാഷ സഹായികളായി ഇവർ നടത്തിയ സേവനം പ്രശംസനീയമായിരുന്നു.

17 വയസിൽ മിലിട്ടറിയിൽ ചേർന്ന ബൽറീറ്റ് കൗർ ഇറാക്കിലെ യുദ്ധ മേഖലയിൽ നിയോഗിക്കപ്പെട്ടിരുന്ന കാലിഫോർണിയ യൂണിവേഴ്സിറ്റി വിദ്യാർഥിയാണ്. ജസ്ലീൻ കൗർ സഹോദരിയുടെ പാത പിന്തുടർന്ന് കാലിഫോർണിയ ഗാർഡിൽ മെഡിക്കൽ വിഭാഗത്തിൽ അംഗമായിരുന്നു. നഴ്സായി ജോലി ചെയ്യുന്ന ജസ്ലിൻ നഴ്സസ് പ്രാക്ടീഷണർ ആകാനുള്ള പഠനത്തിലാണ്. യുഎസ് സൈന്യത്തിൽ സേവനം അനുഷ്ഠിക്കുന്ന ഇന്ത്യൻ വംശജരുടെ എണ്ണം വളരെ പരിമിതമാണെന്നുള്ളതാണ് ഇവർ പ്രത്യേകം ശ്രദ്ധിക്കപ്പെടാനിടയായത്.

## ആൽബനി യുണൈറ്റഡ് ക്രിസ്ത്യൻ ചർച്ച് ക്രിസ്മസ് ആഘോഷിച്ചു



**മൊയ്തീൻ പുത്തൻചിറ**

*ആൽബനി:* ആൽബനി യുണൈറ്റഡ് ക്രിസ്ത്യൻ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് അതിവിപുലമായി ആഘോഷിച്ചു.

ഡിസംബർ 21ന് വെസ്റ്റേൺ അവന്യൂവിലുള്ള മക്കോൺവിൽ യുണൈറ്റഡ് മെഥഡിസ്റ്റ് ചർച്ചിലായിരുന്നു ആഘോഷങ്ങൾ നടന്നത്.

സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് വികാരി റവ. സുജിത് തോമസിന്റെ പ്രാർത്ഥനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. അതിശൈത്യത്തെ അവഗണിച്ച് ആഘോഷങ്ങളിൽ പങ്കുചേരാൻ എത്തിച്ചേർന്ന വിവിധ സഭാ ജനങ്ങൾക്ക് അനുഗ്രഹങ്ങൾ ചൊരിയണമേ എന്ന് അദ്ദേഹം പ്രാർഥനയിൽ അപേക്ഷിച്ചു. ട്രഷറർ ജയൻ ജോർജ് ഏവർക്കും സ്വാഗതം പറഞ്ഞു. സെക്രട്ടറി ദീപു വർഗീസ് ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തിയ എല്ലാവർക്കും നന്ദി പറഞ്ഞു.

കുട്ടികളുടേയും മുതിർന്നവരുടേയും ക്രിസ്മസ് കരോൾ ഗാനങ്ങൾ എല്ലാവർക്കും ആനന്ദം പകർന്നു. അലയ്ന ഏബ്രഹാമിന്റെ 'ഓ..ഹോളി നൈറ്റ്' എന്ന ഇംഗ്ലീഷ് ഗാനം ഏറെ ആസ്വാദ്യജനകമായിരുന്നു. ഷേബ വറുഗീസ് സംവിധാനം ചെയ്ത 'ഷാഡോ നേറ്റിവിറ്റി സ്കിറ്റ്' പുതുമ നിറഞ്ഞതും ആവതരണത്തിൽ മികച്ചതുമായി. കൂടാതെ, കാൻഡിൽ ലൈറ്റ് ഡാൻസ് ഏറെ ഹൃദ്യവും അനന്ദകരവുമായിരുന്നു.

കുരിയാക്കോസ് പടിഞ്ഞാറേമുറിയിൽ സാന്താക്ലോസായി വേ ഷമിട്ടു. ക്രിസ്മസ് കരോൾ ഗാനസംഘാംഗങ്ങൾ ശാന്തരാ ത്രി...തിരുരാത്രി എന്ന ഇംഗ്ലീഷ് ഗാനം അവതരിപ്പിച്ചു.

മക്കോൺവിൽ യുണൈറ്റഡ് മെഥഡിസ്റ്റ് ചർച്ച് വികാരി റവ. ഡോ. ചാർലി യാംഗ്, റവ. ജോ ജോൺ എന്നിവർ ക്രിസ്മസ് സന്ദേശം നൽകി. ജൂനിയാ ജോർജ്, ജെറെമി ജോർജ് ഡേവിഡ് എന്നിവർ എം.സി. മാരായി പ്രവർത്തിച്ചു. തോമസ് ജോസഫ്, ജോർജ് ഡേവിഡ്, കുരിയാക്കോസ് പടിഞ്ഞാറേമുറിയിൽ എന്നിവരായിരുന്നു പ്രോഗ്രാം കോർഡിനേറ്റർമാർ. വിഭവസമൃദ്ധമായ ക്രിസ്മസ് ഡിന്നറോടുകൂടി ആഘോഷങ്ങൾക്ക് പര്യവസാനമായി.

## കെഎച്ച്എൻഎ കൺവൻഷൻ; സുവനീയർ പ്രസിദ്ധീകരിക്കുന്നു

**മാർട്ടിൻ വിലങ്ങോലിൽ**

*ഡാളസ്:* ഡാളസ് ഡിഎഫ്ഡബ്ല്യു ഹയത്ത് റീജിയൻസിൽ 2015 ജൂലൈ രണ്ടു മുതൽ ആറു വരെ നടക്കുന്ന എട്ടാമത് കെഎച്ച്എൻഎ (കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക) കൺവൻഷനോടനുബന്ധിച്ച് സുവനീയർ പ്രസിദ്ധീകരിക്കുന്നു.

ഇരുനൂറിൽപരം കളർ പേജുകളോടെ ഇംഗ്ലീഷിലും മലയാളത്തിലുമായി തയാറാക്കപ്പെടുന്ന സുവനീയർ ആശയഗാംഭീര്യത്തിലും രൂപഭംഗിയിലൂടെ അത്യാകർഷകമാക്കുവാൻ സുവനീയർ കമ്മിറ്റി പ്രവർത്തനം തുടങ്ങി.

രണ്ടായിരത്തോളം ആളുകൾ പങ്കെടുക്കുന്ന കൺവൻഷനിൽ ക്ഷണിക്കപ്പെട്ട അതിഥികൾ ഉൾപ്പെടെ എല്ലാവരിലും സുവനീയർ എത്തുന്നു. അതിലുപരിയായി ആയിരക്കണക്കിന് സഹൃദയർ കെഎച്ച്എൻഎ വെബ്സൈറ്റിലെ W.aZP_ മുഖാന്തരം സുവനീയർ വായിക്കുവാൻ സാധിക്കും.

ഭാരതീയ സംസ്കൃതിയുടെ അമൂല്യമായ അന്തസത്ത പ്രചരിപ്പിക്കുവാനും പുതിയ തലമുറയെ നമ്മുടെ പൈതൃക സമ്പത്തുമായി അടുപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള ഉദ്യമത്തിൽ ഗഹനമായ തത്വചിന്തകളെ ശരിയായ വീക്ഷണത്തോടെ സാധാരണക്കാരിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. മലയാളത്തിലെ മുതിയ സാഹിത്യ, സാംസ്കാരിക പ്രതിഭകൾ തങ്ങളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം, അമേരിക്കയിലെ സാഹിത്യാഭിരുചിയുള്ള വ്യക്തികളേയും പങ്കെടുപ്പിക്കുവാൻ താത്പര്യപ്പെടുന്നു. മൗലികവും ആശയമൂല്യമുള്ളതുമായ കൃതികൾ അയച്ചുകൊടുക്കാവുന്നതാണ്. എല്ലാ സൃഷ്ടികളും ഭാരതീയ ചിന്താധാരയുമായി ബന്ധപ്പെട്ടതും പുരോഗമനാപരമായ ആശയങ്ങൾ അവതരിപ്പിക്കുന്നവയും ആയിരിക്കണം.

സുവനീയർ പ്രസിദ്ധീകരണത്തിനായും പരസ്യം നൽകുന്നതിനും khnasouvenir2015@gmail.com എന്ന വിലാസത്തിലോ കെഎച്ച്എൻഎ കമ്മിറ്റി അംഗങ്ങളുമായോ ബന്ധപ്പെടുക.

വിലാസം: KHNA Souvaneir Committee, P.O. Box 702423, Dallas, Tx 75370.

കൂടുതൽ വിവരങ്ങൾക്ക്: അജിത് രാമൻ സിപിഎ 201 486 4665, agitcpa@gamil.com, ajitcpa@gmail.com.

## ക്വീൻസ് ഏരിയാ ആദരവ് ജനുവരി 11ന്

**ജോർജ് തുമ്പയിൽ**

*ന്യൂയോർക്ക്:* അമേരിക്കൻ ഭദ്രാസനത്തിന് താങ്ങും തണലുമായി നിന്ന് ഭദ്രാസനത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയുടെ പാതയിൽ ചെറുതും വലുതുമായ സംഭാവനകൾ നൽകി, 70 വയസ് പൂർത്തിയാക്കിയ ക്വീൻസ് ഏരിയയിലുള്ള മലങ്കര ഓർത്തഡോക്സ് ഇടവകകളിൽ നിന്നുള്ളവരെ ആദരിക്കുവാൻ വേദി ഒരുങ്ങി.

ജനുവരി 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് എൽമോണ്ട് സെന്റ് ഗ്രിഗോറിയോസ് പള്ളിയിലാണ് അനുമോദന യോഗം. ഭദ്രാസന അധ്യക്ഷൻ സഖറിയാ മാർ നിക്കോളോവാസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് : വികാരി വെരി റവ. യേശുദാൻ പാപ്പൻ കോർ എപ്പിസ്കോപ്പാ : 718 934 1636, വർഗീസ് പോത്താനിക്കാട് (ഭദ്രാസന അൽമായ ട്രസ്റ്റി) : 917 488 2590, അജിത് വട്ടശേരിൽ (ഭദ്രാസന കൗൺസിൽ അംഗം) : 845 821 0627, ഫിലിപ്പോസ് ഫിലിപ്പ് (പ്രോഗ്രാം കോർഡിനേറ്റർ, കൗൺസിൽ അംഗം): 845 642 2060.

## മിഷിഗൺ മലയാളി ലിറ്റററി അസോസിയേഷന് പുതിയ സാരഥികൾ



*ഡിട്രോയ്റ്റ്:* മിഷിഗണിലെ മലയാള ഭാഷാ സ്നേഹികളുടെ കൂട്ടായ്മയായ മിഷിഗൺ മലയാളി ലിറ്റററി അസോസിയേഷന്റെ 2015–16 വർഷങ്ങളിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികളായി ജെയിംസ് കുരീക്കാട്ടിൽ (പ്രസിഡന്റ്), സുരേന്ദ്രൻ നായർ (വൈസ് പ്രസിഡന്റ്), വിനോദ് കൊണ്ടൂർ ഡേവിഡ് (സെക്രട്ടറി), ഡോ. ശാലിനി പ്രശാന്ത് (ജോ. സെക്രട്ടറി), മനോജ് കൃഷ്ണൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ഡിസംബർ 14ന് നടന്ന വർഷാന്ത്യ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഈശ്വര പ്രാർഥനയോടെ ആരംഭിച്ച പരിപാടിയിൽ മിലൻ പ്രസിഡന്റ് തോമസ് കർത്തനാൾ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ചു വിലയിരുത്തുകയും പുതിയ ഭാരവാഹികൾ സംഘടനയെ കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ട് പോകുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

മിലൻ സെക്രട്ടറി ബിന്ദു പണിക്കർ ആശംസകളർപ്പിച്ചു. ട്രഷററിനുവേണ്ടി സുരേന്ദ്രൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു.

പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട ജെയിംസ് കുരീക്കാട്ടിൽ ഡിട്രോയ്റ്റ് മലയാളി അസോസിയേഷന്റെ പ്രസദ്ധീകരണമായ ധ്വനിയുടെ എഡിറ്റർ, സീറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ പബ്ലിക് റിലേഷൻസ് കമ്മിറ്റി ചെയർമാൻ, ഇന്തോ അമേരിക്കൻ പ്രസ് ക്ലബിന്റെ നാഷണൽ കമ്മിറ്റി മെമ്പർ, ലാനയുടെ മിഷിഗൺ റീജിയൺ കോ ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സുരേന്ദ്രൻ നായർ കെഎച്ച്എൻഎയുടെ നാഷണൽ വൈസ് പ്രസിഡന്റ്, ധ്വനി മുൻ എഡിറ്റർ, ഐറാണിമുട്ടം എഴുത്തച്ഛൻ അക്കാഡമി, തുഞ്ചൻ സ്മാരക സമിതി സ്ഥിരാംഗം മുൻ ലാന കൺവൻഷൻ ചെയർമാൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട വിനോദ് കൊണ്ടൂർ ഡേവിഡ് ഫോമയുടെ നാഷണൽ കമ്മിറ്റി മെമ്പറും ഫോമ ന്യൂസ് ടീം ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട മനോജ് കൃഷ്ണൻ കെഎച്ച്എൻഎ ലോക്കൽ കമ്മിറ്റിയംഗം, ശ്രീ നാരായണ ധർമപരിഷത് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ശാലിനി പ്രശാന്ത്, ലാന കൺവൻഷനിൽ ഇംഗ്ലീഷ് നോവൽ സാഹിത്യത്തെ കുറിച്ചു പ്രബന്ധം അവതരിപ്പിക്കുകയും ഡിഎംഎയുടെ ധ്വനിയുടെ എഡിറ്റോറിയൽ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

വളരെ ശക്തമായ ഒരു കമ്മിറ്റിയെയും ഇവരോടൊപ്പം തിരഞ്ഞെടുത്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരെ മുൻ ഭാരവാഹികൾ ആശംസകൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: തോമസ് കർത്തനാൾ 586 747 7801, ജെയിംസ് കുരീക്കാട്ടിൽ 248 837 0402.

## റിമി ടോമി, സ്റ്റീഫൻ ദേവസി ഷോ അമേരിക്കയിലേക്ക്

ന്യൂജേഴ്സി: 2015–ൽ അമേരിക്കൻ മലയാളികളുടെ മുമ്പിലേക്കു ഒരു ഹൈ എനർജി പവർ ഷോ 'റിയ ട്രാവൽസ് സോളിഡ് ഫ്യൂഷൻ ടെമ്പ്റ്റേഷൻ' എത്തുകയാണ്. മലയാളികളുടെ ആവേശം റിമി ടോമി , ദൈവത്തിന്റെ സ്വന്തം വിരലുകൾ സ്റ്റീഫൻ ദേവസി, കൂടാതെ ഇന്ത്യയിലെ പ്രശസ്തമായ ബാൻഡ് സോളിഡ് എന്നിവർ അണിനിരക്കുന്ന ഈ പരിപാടി, കാണികൾക്ക് ഒരു പുതിയ അനുഭവമായിരിക്കും.

പ്രമുഖ ഇവന്റ് സംഘാടക ഗ്രൂപ്പായ കാർവിംഗ് മൈൻഡ്സ് എന്റർടെയ്ൻമെന്റ് ന്യൂജേഴ്സി സംഘടിപ്പിക്കുന്ന ഷോ ഏപ്രിൽ, മേയ് മാസങ്ങളിലാണ് എത്തുന്നത്.

കൂടുതൽ വിവരങ്ങൾക്ക്: ഗിൽബർട്ട് ജോർജുകുട്ടി: 201 (926) 7477.

## 'മലയാള ഭാഷയുടെ വികാസ സാധ്യതകളും പരിണാമവും'– വിചാരവേദി ചർച്ച നടത്തി

*ന്യൂയോർക്ക്:* വിചാരവേദിയുടെ സാഹിത്യ സദസിൽ ഡോ. എകെബി പിള്ള മലയാളഭാഷയുടെ വികാസ സാധ്യതകളും സമഗ്രഭാഷാശാസ്ത്ര പരിണാമവും എന്ന വിഷയത്തെ കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. കേരള കൾച്ചറൽ സെന്ററിൽ വാസുദേവ് പുളിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സാംസി കൊടുമൺ സ്വാഗതപ്രസംഗം നടത്തി. മന്ത്രിയായി, ജസ്റ്റീസായി, രാഷ്ട്രീയാന്തരീക്ഷത്തിലും നിയമവ്യവസ്ഥയിലും മാറ്റങ്ങൾ വരുത്തിയ വി. ആർ. കൃഷ്ണയ്യരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് സമ്മേളനം ആരംഭിച്ചത്. മലയാള ഭാഷയുടെ തമിഴും സംസ്കൃതവുമായുള്ള ബന്ധവും ഭാഷയുടെ ഉല്പത്തി ചരിത്രവും മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഭാഷയുടെ വികാസത്തിന് പ്രചോദനമായതും ഹെർമൻ ഗുണ്ടർട്ട് ഒരു ഡിക്ഷനറി സമ്മാനിച്ച് ഭാഷയ്ക്ക് നേട്ടങ്ങളുണ്ടാക്കിയതും മറ്റുഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് കടന്നു വന്ന പദങ്ങൾ ഭാഷയെ പരിപോഷിപ്പിച്ചതും സാംസി കൊടുമൺ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ബ്രിട്ടീഷുകാർ അവരുടെ ആധിപത്യം സ്ഥാപിക്കാൻ വേണ്ടി പ്രചരിപ്പിച്ച ഇംഗ്ലീഷ് മലയാളഭാഷയുടെ വികാസത്തിന് സഹായകമായിട്ടുണ്ടെങ്കിലും, ഇംഗ്ലീഷ് നമ്മുടെ മേൽ ആധിപത്യം സ്ഥാ



പിക്കുന്നത് മലയാളഭാഷയുടെ വികാസത്തെ ബാധിക്കുന്നതും, സാഹിത്യത്തിലൂടെ ഭാഷ വികാസിച്ചിട്ടുള്ളതും വാസുദേവ് പുളിക്കൽ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

വാക്കുകൾക്ക് അർഥവ്യത്യാസം വരുന്ന പരിണാമം നിരവധി ഉദാഹരണങ്ങൾ നിരത്തി കൊണ്ട് ഡോ. എൻ. പി. ഷീല എഴുതിയ പ്രബന്ധം രാജു തോമസ് വായിച്ചു. ഭാഷയുടെ വികാസത്തിന് നാട്ടിലെ വിദ്യാഭ്യാസ സമ്പ്രദായത്തിനും അമേരിക്കയിലെ മലയാളം സ്കൂളുകളിലെ പാഠ്യപദ്ധതിക്കും മാറ്റം വരുത്തണമെന്നും വിദേശത്തേക്ക് കയറ്റി അയക്കാനുള്ള വില്പന ചരക്കുകളെ സൃഷ്ടിക്കുക എന്നത് കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാക്കുമ്പോൾ ഇംഗ്ലീഷ് പഠനം അനിവാര്യമായിത്തീരുന്നു എന്നും ജെ. മാത്യൂസ് അഭിപ്രായപ്പെട്ടു. ഭാഷയും സാഹിത്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാഹിത്യത്തിലൂടെ ഭാഷ വളരും. സാഹിത്യ കൃതികളുടെ അഭാവം ഭാഷയുടെ വളർച്ചയെ ബാധിക്കുന്നതാണ്. സാഹിത്യം ഭാവനയിൽ നിന്നാണെങ്കിൽ അതിന്റെ പണിയായുധം ഭാഷയാണെന്നതാണ് ഭാഷയുടെ സാഹിത്യത്തിലെ പ്രാധാന്യമെന്നും പഠനവും ഉപയോഗവുമാണ് ഭാഷയെ വികസിപ്പിക്കുന്നതെന്നും ജെ. വേറ്റം പറഞ്ഞു. ഭാഷയുടെ വളർച്ചയുടെ അടിസ്ഥാനം ശാസ്ത്രമാണ്, ഭാഷ വരുംതലമുറയിലേക്ക് പകർന്നു കൊടുക്കേണ്ടത് അനിവാര്യമാണ്, ചിലപ്പോൾ ഇംഗ്ലീഷ് ഉപയോഗിക്കേണ്ടി വരുമെന്നും ബാബു പാറക്കൽ അഭിപ്രായപ്പെട്ടു. നമ്മുടെ ഭാഷ പദസമൃദ്ധമാണെന്നും, അനിയൻ, ജ്യേഷ്ഠൻ, അമ്മാവൻ തുടങ്ങിയ ബന്ധങ്ങൾ സൂചിപ്പിക്കാൻ തക്ക വാക്കുകൾ നമ്മുടെ ഭാഷയിലുള്ളതുപോലെ മറ്റുഭാഷകളിൽ ഇല്ലെന്നും സാനി അംബൂക്കൻ പറഞ്ഞു. ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന ചോദ്യങ്ങൾക്ക് ഡോ. ഏ. കെ. ബി. പിള്ള മറുപടി പ്രസംഗത്തിൽ മറുപടി നൽകി.

## ഓർമ ടാമ്പ ചാപ്റ്ററിന് പുതിയ ഭാരവാഹികൾ



*ഫിലാഡൽഫിയ:* ഓവർസീസ് റിട്ടേൺസ് മലയാളീസ് ഇൻ അമേരിക്ക (ഓർമ) ടാമ്പ ചാപ്റ്റർ 2015 ലേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികളായി ജോമോൻ വർഗീസ് (പ്രസിഡന്റ്), ബേബി ജോസഫ് (വൈസ് പ്രസിഡന്റ്), ബിനു മാമ്പിള്ളി (ജനറൽ സെക്രട്ടറി), അനിൽ ഫ്രാൻസിസ് (ജോ. സെക്രട്ടറി), റോയി മാത്യു (ട്രഷറർ), മൈക്കി ഏബ്രഹാം (ജോ. ട്രഷറർ), ബേബി സെബാസ്റ്റ്യൻ, ആന്റോ ചാവറ (പബ്ലിക് റിലേഷൻ) എന്നിവരേയും കമ്മിറ്റി അംഗങ്ങളായി മാത്യു കാവുങ്കൽ, പൗളിൻ ആലൂക്കാരൻ, ജോസ് ആലൂക്കാരൻ, ഡയസി മാത്യു, റോസമ്മ മൈക്കിൾ, നൈസി സെബാസ്റ്റ്യൻ, മിനി മാത്യു, ആനി കാവുങ്കൽ, അൽഫോൻസ് ഫ്രാൻസിസ്, ഷിബി ആന്റോച്ചൻ എന്നിവരും തിരഞ്ഞെടുത്തു.

അമേരിക്കയിൽ എത്തുന്നതിനുമുമ്പ് ഗൾഫ്, യൂറോപ്പ്, ആഫ്രിക്കൻ രാജ്യങ്ങളിലെല്ലാം പഠിക്കുകയും ജോലി ചെയ്യുകയും ചെയ്തവരുടെ സംഗമവേദിയായി 2010 ൽ ഫിലാഡൽഫിയയിൽ രൂപീകൃതമായ ഓർമയ്ക്ക് ഇന്ന് ന്യൂജേഴ്സി, ടാമ്പ, ഡാളസ്, ഹൂസ്റ്റൺ, സാൻഹൂസെ എന്നിവിടങ്ങളിൽ ചാപ്റ്ററുകൾ ഉണ്ട്

ഓർമയുടെ നാഷണൽ ഭാരവാഹികളായി ജോസ് ആറ്റുപുറം (പ്രസിഡന്റ്), ജോർജ് ഓലിക്കൽ (വൈസ് പ്രസിഡന്റ്), ഫിലിപ്പോസ് ചെറിയാൻ (ജനറൽ സെക്രട്ടറി), അലക്സ് തോമസ് (ട്രഷറർ), ജോർജ് നടവയൽ (സ്പോക്സ് പേഴ്സൺ), സിബിച്ചൻ ചെമ്പ്ലായിൽ (ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ) എന്നിവരോടൊപ്പം മുൻ മേഘാലയ ഗവർണർ എം.എം ജേക്കബ്, സാഹിത്യകാരനും ഭിഷഗ്വരനുമായ ഡോ. എം.വി പിള്ള രക്ഷാധികാരികളായും പ്രവർത്തിക്കുന്നു.

വാർത്തകൾക്ക്...
Tel: 267-991-211 e-mail
:georgethazhakara@gmail.com

# അനധികൃത കുടിയേറ്റക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ

**പി.പി ചെറിയാൻ**

*ഫോനിക്സ് :* ഒബാമ ഭരണകൂടം ഈയിടെ പ്രഖ്യാപിച്ച ഇമിഗ്രേഷൻ നിയമങ്ങളുടെ സംരക്ഷണത്തിനർഹരായ 30 വയസിനു താഴെയുള്ളവർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ അരിസോണ സംസ്ഥാനത്ത് ഡിസംബർ 22 മുതൽ ആരംഭിച്ചു.

അരിസോണ ഗവർണർ ജാൻ ബ്രൂവേഴ്സ് ഏകദേശം 20,000 ത്തോളം കുടിയേറ്റക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് ഏർപ്പെടുത്തിയിരുന്ന നിരോധനം ഡിസംബർ 18ന് യുഎസ് ഡിസ്ട്രിക്ട് കോർട്ട് സ്റ്റേ ചെയ്തതിനെ തുടർന്നാണ് അരിസോണ ട്രാൻസ്പോർട്ടേഷൻസ് വകുപ്പ് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയത്.

16 വയസിനു മുമ്പ് അമേരിക്കയിൽ കുടിയേറുകയും ഇപ്പോൾ മുപ്പതു വയസ് കഴിയാത്തവർക്കുമാണ് ഡ്രൈവിംഗ് ലൈസെൻസിന് അർഹതയുള്ളത്. തുടർച്ചയായി അഞ്ചു വർഷം അമേരിക്കയിൽ താമസിക്കുകയും ഹൈസ്കൂൾ വിദ്യാഭ്യാസമോ, ജിഇഡിയോ ഉള്ളവർക്കാണ് ഒബാമയുടെ ഇമിഗ്രേഷൻ നിയമനത്തിന്റെ പരിരക്ഷ ലഭിക്കുക.

അരിസോണ സംസ്ഥാനവും നെബ്രസ്കായും നിരോധനം ഏർപ്പെടുത്തിയിരുന്നുവെങ്കിലും ഇപ്പോൾ രണ്ട് സംസ്ഥാനങ്ങളുടേയും നിരോധനം കോടതി തത്കാലം സ്റ്റേ ചെയ്തിട്ടുണ്ട്. അരിസോണയിൽ കുടിയേറിയിരിക്കുന്ന ആയിരക്കണക്കിന് ഏഷ്യൻ ഇന്ത്യൻ വംശജർക്ക് ഒബാമയുടെ ഇമിഗ്രേഷൻ നിയമനത്തിന്റെ സംരക്ഷണം ലഭിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്.

# അമേരിക്കൻ മലങ്കര അതിഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പെൻസിൽവാനിയ ലാൻ കാസ്റ്ററിൽ



**മാർട്ടിൻ വിലങ്ങോലിൽ**

*പെൻസിൽവാനിയ:* അമേരിക്കൻ മലങ്കര അതിഭദ്രാസന 29-ാമത് ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് 2015 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവാനിയ, ലാൻകാസ്റ്റർ ഹോസ്റ്റ് റിസോർട്ടിൽ നടക്കും.

ആഗോള സുറിയാനി സഭയുടെ പരമാധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യത്തിലാണ് കോൺഫറൻസ്.

ആർച്ച് ബിഷപ് യാക്കൂബ് എഡ് വാർഡോ (ഗൊട്ടിമാല), സഖറിയാസ് മാർ പീലക്സിനോസ് മെത്രാപോലീത്ത (ഇന്ത്യ) എന്നീ മുഖ്യാതിഥികളും മറ്റനവധി വിശിഷ്ട വ്യക്തികളും പങ്കെടുക്കും. സഭാ ചരിത്രത്തിലാദ്യമായി കുടുംബ മേളയുടെ ആദ്യാവസാനം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യമുണ്ടായിരിക്കുമെന്നത് കോൺഫറൻസിന്റെ പ്രത്യേകതയാണ്. ഇതൊരു വൻ വിജയമാക്കി തീർക്കുന്നതിന്, ഭദ്രാസന മെത്രാപോലീത്തായും പാത്രിയർക്കൽ വികാരിയുമായ യൽദൊ മാർ തീത്തോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

വെരി. മാത്യൂസ് ഇടത്തറ കോർ എപ്പിസ്കോപ്പാ (ഭദ്രാസന സെക്രട്ടറി) സാജു പൗലോസ് മാരോത്ത് (ഭദ്രാസന ട്രഷറർ) എന്നിവർ ജനറൽ കൺവീനർമാരായും ഫാ. പോൾ പറമ്പത്ത്, (ജോ. സെക്രട്ടറി), കമാണ്ടർ ജോബി ജോർജ് (ജോ. ട്രഷറർ) എന്നിവർ കൺവീനേഴ്സായും കൗൺസിൽ അംഗങ്ങളായ വെരി. സാബു തോമസ് കോർ എപ്പിസ്കോപ്പാ ഫാ. ഗീവർഗീസ് ചാലിശേരി, ഫാ. പോൾ തോട്ടക്കാട്ട്, സാജു സ്കറിയ അലക്സ് ജോർജ്, ഷെവലിയാർ ചെറിയാൻ വെങ്കിടത്ത്, ജോയി ഇട്ടൻ, പി. ഒ. ജേക്കബ്, ജോർജ് പൈലി, ബേബി തര്യത്ത്, ഡോ. ജോൺ തോമസ് എന്നിവർ സബ് കമ്മിറ്റി കോഓർഡിനേറ്റേഴ്സായും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

ഫാ. ഡോ. സാക്ക് വർഗീസ്, ഡീക്കൻ അനീഷ് സ്കറിയ, ഡോ. ജോൺ കടവിൽ എന്നിവർ യൂത്ത് കോൺഫറൻസ് കോർ ഓർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

പെൻസിൽവാനിയായുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ലാൻകാസ്റ്റർ ഹോസ്റ്റ് റിസോർട്ട് ആയിരത്തിലധികം പേർക്ക് പരിപാടികൾ വീക്ഷിക്കുവാൻ സാധ്യമാകുന്ന ഓഡിറ്റോറിയം, കോൺഫറൻസ് ഹാളുകൾ വിപുലമായ ബാങ്കറ്റ് ഹാൾ, സൗകര്യപ്രദമായ ഫാമിലി റൂമുകൾ എല്ലാറ്റിലുമപരി തികഞ്ഞ ആത്മീയത നിറഞ്ഞ ഒരു കുടുംബമേളക്ക് അനുയോജ്യമായ ശാന്തസുന്ദരവും പ്രകൃതി മനോഹരമവുമായ അന്തരീക്ഷം എന്നിങ്ങനെയുള്ള പ്രത്യേകതകൾ ഏറെയുള്ളതാണ്.

അമേരിക്കയിലേയും കാനഡയിലേയും വിവിധ ദേവാലയങ്ങളിൽ നിന്നുമായി നൂറുകണക്കിന് സഭാ വിശ്വാസികൾ സംബന്ധിക്കുന്ന ഈ കുടുംബ മേള ഭദ്രാസനത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ ഒരു നാഴികക്കല്ലായിരിക്കുമെന്നും അതിനായി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കുന്നതെന്നും ജനറൽ കൺവീനർമാരായ റവ. മാത്യു ഇടത്തറ കോർ എപ്പിസ്കോപ്പായും സാജു പൗലോസും അറിയിച്ചു. എല്ലാ സഭാംഗങ്ങളുടേയും ആത്മാർഥമായ സഹകരണവും നിരന്തരമായ പ്രാർഥനയും ഇക്കാര്യത്തിൽ ഉണ്ടായിരിക്കണമെന്ന് ഇടവക മെത്രാപോലീത്ത കൽപ്പന മുഖേന വിശ്വാസികളെ അറിയിച്ചു. അമേരിക്കൻ മലങ്കര അതിഭദ്രാസന പിആർഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണ്.

# അനിയൻ ജോർജ് സിനിമാ നിർമാണ രംഗത്തേക്ക്; പൃഥ്വിരാജ് നായകൻ



*അറ്റ്ലന്റ:* ധർമിക് ഫിലിംസിന്റെ ബാനറിൽ ധാത്രി ചെയർമാൻ ഡോ. എസ്. സജികുമാർ നിർമിക്കുന്ന 'ഇവിടെ' എന്ന ചിത്രത്തിന് അമേരിക്കൻ സംഘടനാ പ്രമുഖനും ബിസിനസുകാരനുമായ അനിയൻ ജോർജ് കോ- പ്രൊഡ്യൂസറാകുന്നു.

പൃഥ്വിരാജ്, ഭാവന എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ശ്യാമപ്രസാദ് അണിയിച്ചൊരുക്കുന്ന ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് രണ്ടാഴ്ച മുമ്പ് അറ്റ്ലാന്റയിൽ ആരംഭിച്ചു.

അക്കരകാഴ്ചകൾ, പെരുച്ചാഴി തുടങ്ങിയ ചിത്രങ്ങൾക്ക് രചന നിർവഹിച്ച അജയൻ വേണുഗോപാലൻ ആണ് ക്രൈം ആസ്പദമാക്കി പൂർണമായും അമേരിക്കയിൽ ചിത്രീകരിക്കുന്ന ഈ ബിഗ് ബജറ്റ് സിനിമയ്ക്ക് തിരക്കഥ രചിക്കുന്നത്. സാധാരണ സിനിമയായ ഷൂട്ടിംഗ് ചടങ്ങുകൾ ഒരു പൂജയോടെ ആരംഭിക്കുമ്പോൾ 'ഇവിടെ' എന്ന സിനിമ തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന പൃഥ്വിരാജ്, നിവിൻ പോളി, ഭാവന എന്നിവരുടെ ആക്ഷൻ വർക്ഷോപ്പോടെയാണ് കഴിഞ്ഞ ഒക്ടോബറിൽ കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ ലോഞ്ചിംഗ് സെറിമണി നടത്തിയത്.

അജു വർഗീസ്, വൈ.ജി. മഹേന്ദ്ര എന്നിവരും വേഷമിടുന്ന ഈ ചിത്രത്തിന്റെ ഭൂരിഭാഗം അഭിനേതാക്കളും അണിയറ പ്രവർത്തകരും യുഎസിൽ നിന്നാണെന്നും അടുത്ത മാർച്ചിൽ തീയേറ്ററിൽ എത്തിക്കാനാണ് പ്ലാൻ ചെയ്യുന്നതെന്നും നിർമാതാക്കൾ പറഞ്ഞു. സിനിമാ നിർമാണരംഗത്തെ തന്റെ ആദ്യ കാൽവയ്പായ ഈ ചിത്രത്തിനുശേഷം കൂടുതൽ പ്രോജക്ടുകളിൽ നിക്ഷേപം നടത്താൻ പദ്ധതിയുണ്ടെന്നും അനിയൻ ജോർജ് പറഞ്ഞു.

# ബോബി ചെമ്മണ്ണൂർ – ജയറാം ഷോ 2015 യുഎസ്എ

*ഷിക്കാഗോ:* അമേരിക്കൻ മലയാളികളുടെ മുന്നിലെത്തുന്ന 2015-ലെ ഏറ്റവും വലിയ ഷോയ്ക്ക് ഇപ്പോൾ പത്തരമാറ്റ് പൊന്നിന്റെ നിറവുകൂടി. പത്മശ്രീ ജയറാമും, തെന്നിന്ത്യൻ താരം പ്രിയാമണിയും, ഉണ്ണിമേനോനും, രമേഷ് പിഷാരടിയും അടക്കം പതിനേഴോളം പ്രശസ്ത കലാകാരന്മാർ അണിനിരക്കുന്ന താരസംഗമത്തിന്റെ ടൈറ്റിൽ സ്പോൺസറായി ബോബി ചെമ്മണ്ണൂർ എത്തുമ്പോൾ ഷോ ഇനി 'ബോബി ചെമ്മണ്ണൂർ - ജയറാം ഷോ 2015 യു.എസ്.എ' എന്നാണ് അറിയപ്പെടുക.

മാനവികതയുടെ ദർശനം ഉൾക്കൊണ്ട്, ലാഭക്കണക്കിന്റെ ഗുണിതങ്ങൾ മാറ്റിവെച്ച് 'സ്നേഹംകൊണ്ട് ലോകം കീഴടക്കുക' എന്ന ലക്ഷ്യവുമായി ചെമ്മണ്ണൂർ ഇന്റർനാഷണൽ ജ്യൂവലേഴ്സ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബോബി ചെമ്മണ്ണൂർ. 'യൂണീക് വേൾഡ് റെക്കോർഡി'നുടമയാണ്. രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനും എല്ലാകാലവും സൗജന്യമായി ആവശ്യക്കാരന് രക്തം ലഭ്യമാക്കുന്നതിനായി ബോബി ഫ്രന്റ്സ് ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുമായി 812 കിലോമീറ്റർ (504 മൈലുകൾ) ഓടിയാണ് ബോബി ചെമ്മണ്ണൂർ റെക്കോർഡ് സ്ഥാപിച്ചത്. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലുമായി പടർന്നു കിടക്കുന്ന ജ്യൂവലറി സ്ഥാപനങ്ങൾ, എൻ.ബി.എഫ്.സി സ്ഥാപനങ്ങൾ എന്നിങ്ങനെ തൊട്ടതെല്ലാം പൊന്നാക്കി ഈ ഗ്രൂപ്പ് മുന്നേറിക്കൊണ്ടിരിക്കുകയാണ്. 500 ജ്യൂവലറി ഷോറൂമുകൾ എന്ന തന്റെ ലക്ഷ്യം സമീപഭാവിയിൽ തന്നെ പൂർത്തീകരിക്കപ്പെടുമെന്ന് ബോബി ചെമ്മണ്ണൂർ അറിയിച്ചു. അമേരിക്കയിലെ ആദ്യത്തെ ഷോറൂമാണ് ഹൂസ്റ്റൺ ഷോറൂം. കലയോടുള്ള തന്റെ താത്പര്യമാണ് ഈ ഷോയിൽ താനും ഭാഗമായതെന്ന് ബോബി ചെമ്മണ്ണൂർ പറഞ്ഞു.

യുണൈറ്റഡ് ഗ്ലോബൽ മീഡിയ എന്റർടൈൻമെന്റും, ഫ്രീഡിയ എന്റർടൈൻമെന്റും ചേർന്നാണ് ഈ മെഗാ ഷോ അണിയിച്ചൊരുക്കുന്നത്. സൂപ്പർ മെഗാഷോകളുടെ അവിഭാജ്യഘടകമായ നാദിർഷാ ആണ് ഈ ഷോ സംവിധാനം ചെയ്യുന്നത്.

രമേഷ് പിഷാരടിയുടെ നേതൃത്വത്തിൽ ധർമ്മജൻ, ആര്യ (ബഡായി ബംഗ്ലാവ് ഫെയിം), ഹരിശ്രീ യൂസഫ്, സാജു നവോദയ (വെങ്ങിമൂങ്ങ ഫെയിം), വിഷ്ണു, ബിപിൻ (മനോരമ കോമഡി ഫെസ്റ്റിവൽ ഫെയിം) എന്നിവർ അവതരണത്തിലും പ്രമേയത്തിലും പുതുമകളുള്ള കോമഡി ഷോ അണിയിച്ചൊരുക്കുന്നു. പ്രിയാമണിയോടൊപ്പം നർത്തകിയും ടെലിവിഷൻ നടിയുമായ ആര്യ, സിനിമ നൃത്ത സംവിധായകൻ ശ്രീജിത്ത് എന്നിവർ ഒന്നിക്കുന്ന വർണ്ണ ശബളമായ നൃത്തരംഗങ്ങൾ ഈ മെഗാഷോയ്ക്ക് മാറ്റുകൂട്ടും. ശൃംഗാരവേലൻ സിനിമയിലെ മിന്നാമിനുങ്ങിൻ വെട്ടം അടക്കം നിരവധി ഹിറ്റ് ഗാനങ്ങളുടെ പിന്നണി ഗായികയും, ടെലിവിഷൻ അവതാരകയായി പ്രേക്ഷകർക്ക് സുപരിചിതയും ആയ ഡെൽസി ഉണ്ണിമേനോനോടൊപ്പം ഗാനം ആലപിക്കും. സംഗീത സംവിധായകൻ ഗോപി സുന്ദറിനോടൊപ്പം നിരവധി ചിത്രങ്ങളുടെ പിന്നണിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മധു കീ ബോർഡും, അനിൽ കുമ്പനാട് ശബ്ദ നിയന്ത്രണവും കൈകാര്യം ചെയ്യുന്നു.

ബുക്കിംഗിന് ബന്ധപ്പെടുക: ബിനു സെബാസ്റ്റ്യൻ (956 789 6869), ജിജോ കാവനാൽ (832 477 4154), ശ്രീജിത്ത് റാം (281 788 1849).

For Advertisement
CONTACT US
Tel: 267-991-2111

# നിര്യാതരായി

## കുര്യൻ സി. കുര്യൻ



*ഷിക്കാഗോ:* കുടുംബസമേതം ഷിക്കാഗോയിൽ താമസിക്കുന്ന കോട്ടയം മണർകാട് പുത്തൻപുരയ്ക്കൽ കുടുംബാംഗമായ കുര്യൻ സി. കുര്യൻ (കുര്യച്ചായൻ-86) ഡിസംബർ 26ന് നിര്യാതനായി.

സംസ്കാരം 31ന് ഡസ്പ്ലെയിൻസിലുള്ള റിഡ്ജ് വുഡ് മെമ്മോറിയൽ സെമിത്തേരിയിൽ നടന്നു.

മക്കൾ: ഷീല, ഷീബ, ഉഷ, ഷാജി, ഷിബു. മരുമക്കൾ: ജോൺ ജോസഫ്, എബി ജോസഫ്, തോമസ് ബയിലി, സച്ചു കുര്യൻ, ലത കുര്യൻ (എല്ലാവരും ഷിക്കാഗോയിൽ)

സഹോദരങ്ങൾ: സി.കെ. തോമസ്, അന്നമ്മ ജയിംസ്, ആനി ജോർജ് എന്നിവർ ഷിക്കാഗോയിൽ താമസിക്കുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷനിൽ 40 വർഷം സേവനം ചെയ്തു വിരമിക്കുമ്പോൾ കുര്യച്ചായൻ ഫീൽഡ് മാനേജർ ആയിരുന്നു.

ഭാര്യ അന്നമ്മയും ഇളയ പുത്രൻ ഷിബു കുര്യനും ഒപ്പം 1987ൽ ഷിക്കാഗോയിൽ എത്തിയ കുര്യച്ചായൻ ഷിക്കാഗോ സെന്റ് മാർക്ക് സിഎസ്ഐ സഭയുടെ സജീവാംഗമായിരുന്നു.

അനുശോചനത്തിന്: ഷിബു കുര്യൻ 630 805 3295.

## ഡോ. ടി.സി. ജോസഫ്



*ഷിക്കാഗോ:* തൊടുപുഴ, നാഗപ്പുഴ താഴത്തുവീട്ടിൽ കുടുംബാംഗവും, ഡേറിയിനിൽ (ഷിക്കാഗോ) താമസക്കാരനുമായിരുന്ന ഡോ. ടി.സി. ജോസഫ് താഴത്തുവീട്ടിൽ (81) നിര്യാതനായി.

ഭാര്യ: റോസിലി വടക്കാഞ്ചേരി, തരകൻ കുടുംബാംഗമാണ്. മക്കൾ: ഡോ. അനിത (അനു) മൂഞ്ഞേലി, ഡോ. സുനിൽ ജോസഫ്. മരുമക്കൾ: ഡോ. ജോ.മൂഞ്ഞേലി, സിനി. കൊച്ചുമക്കൾ: മൈക്കിൾ, ജെസീക്ക, ജോഷ്വാ, എലൈസ.

27ന് ശനിയാഴ്ച ഡേറിയനിലുള്ള ക്ലാരന്റൻ ഹിൽസ് സെമിത്തേരിയിൽ സംസ്കാരം നടന്നു.

## ആനി



*ഫ്ളോറിഡ:* ഓതറ ഈസ്റ്റ് വാലുതടത്തിൽ പരേതരായ വി.സി. ഉമ്മന്റെയും തങ്കമ്മയുടെയും മകനായ മോഹൻ ഉമ്മന്റെ ഭാര്യ ആനി (57) ഡിസംബർ 21ന് ഫ്ളോറിഡയിൽ നിര്യാതയായി. ശനിയാഴ്ച സംസ്കാരം നടന്നു.

റാന്നി പേരങ്ങാട്ട് പരേതനായ വി.എം. കുരുവിളയുടെയും ചിന്നമ്മ കുരുവിളയുടെയും മകളാണ് പരേത.

മക്കൾ: ജോഷ്, ജെറി. സഹോദരങ്ങൾ: മാത്യു കുരുവിള (രാജൻ ഫ്ളോറിഡ), പരേതയായ മോനി, ജോളി ആട്ടാപ്പള്ളിൽ.

ജോർജി വർഗീസ് അറിയിച്ചതാണിത്.

## ഹരികൃഷ്ണൻ സുകുമാരൻ



*സ്റ്റാഫോർഡ്(കണക്ടികട്ട്):* ഐടി ഉദ്യോഗസ്ഥൻ ഹരികൃഷ്ണൻ സുകുമാരൻ (46) സ്റ്റാഫോർഡിൽ നിര്യാതനായി. തിരുവന്തപുരം പാപ്പനംകോട് സ്വദേശിയാണ്. ഭാര്യ നിഷ. മകൾ: റിതിക. വിവരങ്ങൾക്ക്: ജയിംസ് 203 570 1458, രമേഷ് 203 252 4028, ബിജു ഗോപാലൻ 631 935 – ജോസ് കാടാപുറം അറിയിച്ചതാണിത്.

## കുഞ്ഞുമ്മ വർഗീസ്

മെഴുവേലി: ആലക്കോട്ട് വടക്കേതിൽ ചേമ്പും കണ്ടത്തിൽ പരേതനായ മത്തായി വർഗീസിന്റെ ഭാര്യയും, മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസറ്റ് അമേരിക്കൻ ഭദ്രാസനത്തിലെ സാക്രമെന്റോ സെന്റ് ജോർജ് ഓർത്തോഡോക്സ് ഇടവക വികാരി ഫാ.മത്തായി ആലക്കോട്ടിന്റെ മാതാവുമായ കുഞ്ഞമ്മ വർഗീസ് (88) നിര്യാതയായി. സംസ്കാര ശുശ്രൂഷകൾ മെഴുവേലി ഹോളി ഇന്നസന്റ് ഓർത്തോഡോക്സ് ദേവാലയത്തിൽ തിരുവനന്തപുരം ഭദ്രാസന മെത്രാപൊലീത്ത അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ പ്രധാന കാർമികത്വത്തിൽ നടക്കും. കാഞ്ഞിരകുന്ന് ചരുവിൽ കുടുംബാംഗമാണ് പരേത.

## വർഗീസ് കെ. ഡേവിഡ്



*ന്യൂജേഴ്സി:* റിട്ട. ഹൈസ്കൂൾ അധ്യാപകൻ വർഗീസ് കെ. ഡേവിഡ് (67) നിര്യാതനായി.

സംസ്കാരം പിന്നീട് മാതൃ ഇടവകയായ മാവേലിക്കര സിഎസ്ഐ ക്രൈസ്റ്റ് ചർച്ചിൽ. ഭാര്യ മേഴ്സി (റിട്ട. അധ്യാപിക) കറ്റാനം വരിക്കോലിത്തറയിൽ കുടുംബാംഗം.

മക്കൾ: ഡോ. പ്രേമ ഈപ്പൻ, പ്രമോദ് വർഗീസ്, പ്രദീപ് വർഗീസ്. മരുമക്കൾ: ഡോ.സന്തോഷ് ഈപ്പൻ, ഇഷ്കു, ഹൈഡി.

കൊച്ചുമക്കൾ: റോഷൻ, റൂബി, ഈലൈ, ജയദേവ്. സഹോദരങ്ങൾ : പരേതനായ ജോസഫ് ഡേവിഡ്, പരേതനായ മേജർ ഡാനിയൽ കെ. ഡേവിഡ്, ചേച്ചമ്മ മാത്യൂ, അന്നമ്മ റിച്ചാർഡ്, സാറാമ്മ ഡേവിഡ്.

Viewing Service Episcopal Church of St. Paul's and Resurrection, 483 Center Street, Woodridge, New Jersey 07075. December 31 – Time : 25 PM. January 1st Time: 25 PM

വർഗീസ് കെ. ഡേവിഡ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകാലം ഫിസിക്സ് അധ്യാപകനായി പ്രവർത്തിച്ചശേഷം വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. അമേരിക്കയിൽ ഇമിഗ്രന്റ് ആയി എത്തുന്നതിന് മുമ്പ് നൈജീരിയ, ഘാന തുടങ്ങിയ പല രാജ്യങ്ങളിലും അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്.

സ്തുത്യർഹ സേവനത്തിലുള്ള ബഹുമതികളും മെഡലും ലഭിച്ചിട്ടുണ്ട്. നോർത്ത് അമേരിക്കയിൽ സിഎസ്ഐ സഭയെ പടുത്തുയർത്തുന്നതിൽ ത്യാഗോജ്വലമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. കഴിഞ്ഞ 30 വർഷക്കാലമായി അമേരിക്കയിലെ പ്രവാസി മലയാളികളുടെ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ തനതായ വ്യക്തിത്വം പ്രകടമാക്കിയിട്ടുണ്ട്. ചീട്ടുകളിയിൽ നാഷണൽ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്. മികച്ച ഒരു ഗായകനുമായിരുന്നു. ഒരിക്കലും മറക്കാനാകാത്ത ഓർമകളുമായി നിത്യതയിൽ പ്രവേശിച്ച വർഗീസ് കെ. ഡേവിഡിന് അമേരിക്കൻ മലയാളികളുടെ ആദരാഞ്ജലികൾ.

കൂടുതൽ വിവരങ്ങൾക്ക്: പ്രദീപ് 9734230042, ഷാജി 2012811242, ബിജു ജോർജ് 2016812750, സജി ടി. മാത്യൂ 2019255763.

# 'ജാതിമത ബന്ധങ്ങൾ പരസ്പരം വിരുദ്ധമല്ല, പരസ്പര പൂരകങ്ങളായിരിക്കണം'



*ഗാർലന്റ് (ഡാളസ്):* മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിനാകണം ജാതിയും മതവും സ്വാധീനം ചെലുത്തേണ്ടതെന്നും ജാതി മത ബന്ധങ്ങൾ പരസ്പര വിരുദ്ധമല്ല. പരസ്പര പൂരകങ്ങളായിരിക്കണമെന്നും യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് അധ്യാപകൻ ഡോ. അബ്ദുൾ റഷീദ് അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ തനതായ സംസ്കാര പൈതൃകവും ലാളിത്യവും നിഷ്കളങ്കതയും സഹിഷ്ണതയും വിശ്വമാനവികതയും കാത്തുസൂക്ഷിക്കുന്നതിനും അടുത്ത തലമുറക്ക് കൈമാറുന്നതിനും നാം പ്രതിജ്ഞാ ബദ്ധരാണ്.

കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിച്ച ക്രിസ്മസ് നവത്സരാഘോഷങ്ങളിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അബ്ദുൾ റഷീദ്.

ക്രിസ്മസിന്റെ യഥാർഥ സന്ദേശം ഉൾക്കൊള്ളുവാൻ കഴിയുന്നവർക്കു മാത്രമേ ശാന്തിയും സമാധാനവും ലഭ്യമാക്കുകയുള്ളൂ- അബ്ദുൾ റഷീദ് പറഞ്ഞു. ക്രിസ്മസ് നവവത്സരാഘോഷങ്ങളിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നവർക്ക് മംഗളകരമായ ക്രിസ്മസും പ്രത്യാശ നിർഭരമായ പുതുവത്സരവും ആശംസിച്ചുകൊണ്ടാണ് അബ്ദുൾ റഷീദ് പ്രസംഗം ഉപസംഹരിച്ചത്.

ഡിസംബർ 27ന് വൈകിട്ട് ഗാർലന്റ് സെന്റ് തോമസ് കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ ചേർന്ന ആഘോഷ പരിപാടികൾ അമേരിക്കൻ, ഇന്ത്യൻ ദേശീയ ഗാനാലാപനത്തോടെ ആരംഭിച്ചു. കേരള അസോസിയേഷൻ പ്രസിഡന്റ് ബാബു സി. മാത്യു സ്വാഗത പ്രസംഗം നടത്തി. തിരുപിറവി ആഘോഷങ്ങളുടെ ഭാഗമായി റൻജി ഏബ്രഹാം ടീം അവതരിപ്പിച്ച സംഘഗാനം, ഇൻഫ്യൂസഡ് ഫെർഫോമിംഗ് ആർട്സ് അംഗങ്ങൾ അവതരിപ്പിച്ച നൃത്തം, ഹരിദാസ് തങ്കപ്പൻ, മാത്യു കോശി സംഘാംഗങ്ങളുടെ കരോൾ ഗാനങ്ങൾ എന്നിവ ആഘോഷങ്ങൾക്ക് മാറ്റു വർധിപ്പിച്ചു. അസോസിയേഷൻ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സെക്രട്ടറി റോയ് കൊടുവത്ത് നന്ദി പറഞ്ഞു. ക്രിസ്മസ് ഗാനം ആലപിച്ച് ആഗതനായ സാന്റാ ക്ലോസ് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

**പി.പി ചെറിയാൻ**

# ഗ്ലെൻവ്യൂ സ്പൈക്കേഴ്സ് വിന്റർ വോളിബോൾ ടൂർ

**മാത്യു തട്ടാമറ്റം**



*ഷിക്കാഗോ:* ഗ്ലെൻവ്യൂ സ്പൈക്കേഴ്സ് വിന്റർ വോളിബോൾ ടൂർണമെന്റിൽ ടോണി സക്കറിയ ക്യാപ്റ്റനായുള്ള ടീം ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഡെസ്പ്ലെയിൻസിലുള്ള അപ്പോളോ സ്കൂൾ വാലി ബോൾ സ്റ്റേഡിയത്തിലാണ് ടൂർണമെന്റ് നടന്നത്.

ടോണി സക്കറിയാ (ക്യാപ്റ്റൻ), റിന്റു ഫിലിപ്പ്, ബിജോയി കാപ്പൻ, മനോജ് അമ്മായിക്കുന്നേൽ, ജോർജ് നെല്ലാമറ്റം, ആൻഡ്രൂ എന്നിവർ ഉൾപ്പെട്ട ടീം പ്രദീപ് തോമസ് (ക്യാപ്റ്റൻ), സിബി കദളിമറ്റം, ജെസ്മോൻ പുറമഠം, അനിൽ, ബി ജി സി. മാണി, സന്തോഷ്, ജോസ് എന്നിവർ ഫൈനലിൽ എത്തുകയായിരുന്നു. വിജയികൾക്ക് ജോർജ് നെല്ലാമറ്റം ട്രോഫികൾ നൽകി.

ടൂർണമെന്റിന്റെ വിജയത്തിനു പിന്നിൽ ജോർജ് നെല്ലാമറ്റം, ബിജി സി. മാണി, ബിജോയി ക്യാപ്റ്റൻ, പ്രിൻസ്, ടോണി സക്കറിയ, പുന്നൂസ് തച്ചേട്ട്, ജെയിംസ് എന്നിവർ നേതൃത്വം നൽകി.

# ഐ ലൗവ് യു



പ്രൊഫ.എസ്.ശിവദാസ്

**മാ**ലാഖമാർക്കും കളിയുണ്ട്. ചിരിയുണ്ട്, സന്തോഷമുണ്ട്. കുട്ടികളുടെ മനസ്സുള്ള അവരെങ്ങനെ കളിച്ചു ചിരിച്ചുരസിച്ചു സന്തോഷിക്കാതെ ജീവിക്കും?

ഒരു രാത്രി ആകാശത്ത് ചന്ദ്രനുദിച്ചു. ആകാശം നിലാവിൽ കുളിച്ചു. സ്വർഗ്ഗത്തിലെ മാലാഖമാർക്ക് അതുകണ്ടപ്പോൾ അതിയായ ആവേശമായി. അവർ അവരുടെ കളിപ്പാട്ടങ്ങളായ നക്ഷത്രക്കുട്ടികളെയുമെടുത്ത് ആകാശത്തേക്കു പറന്നു. അവിടെ നക്ഷത്രക്കുട്ടികളെ വിതറി. നക്ഷത്രക്കുട്ടികൾ കണ്ണുചിമ്മി അമ്പിളിമാമനോടു കിന്നാരം പറഞ്ഞു. മാലാഖമാർ നക്ഷത്രങ്ങളെ എടുത്ത് അമ്മാനമാടി കളിയും തുടങ്ങി. അതുകണ്ട് അമ്പിളിമാമന്റെ മുഖം കൂടുതൽ തെളിഞ്ഞു. നിലാവിനു കൂടുതൽ തെളിച്ചമായി. ഭൂമിയും നിലാവിൽ കുളിച്ചു കുളിരണിഞ്ഞു.

ആ രാത്രിയിൽ അങ്ങു താഴെ ഭൂമിയിൽ ഒരു കൊച്ചു വീടിനുമുന്നിലെ മുറ്റത്ത് നിലാവു കണ്ടിരുന്ന് ദൈവത്തിന്റെ മഹത്വത്തെപ്പറ്റി പറയുകയായിരുന്നു ഒരു ബിഷപ്പ്. ആകാശവും നക്ഷത്രങ്ങളും ചന്ദ്രനും നിലാവും മണ്ണും മലയും പുഴയും മഞ്ഞും കുളിരും എല്ലാം എത്ര മനോഹരം. എല്ലാം ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നു. ഈ അനുഗ്രഹങ്ങൾ നാം കാണണം. അദ്ദേഹം അതു പറഞ്ഞപ്പോൾ അടുത്തിരുന്ന സഹധർമ്മിണി തലയാട്ടി. ആകാശത്തേക്ക് മുഖമുയർത്തി കണ്ണുകൾ വിടർത്തി കൈകൾ ഉയർത്തി നിന്ന് പ്രാർത്ഥിച്ച് ദൈവത്തോടു നന്ദി പറഞ്ഞു.

ആ നിമിഷം ഒരു കുഞ്ഞുകുഞ്ഞുകുഞ്ഞു നക്ഷത്രക്കുഞ്ഞ് താഴ്ന്നുതാഴ്ന്നുവന്നു ബിഷപ്പിന്റെ ഭാര്യയുടെ മടിയിൽ വീണു. ഒരു കുഞ്ഞുവജ്രക്കല്ലുപോലെ, ഒരായിരം വജ്രക്കല്ലുകളുടെ വെട്ടം ഒന്നിച്ചു കൂടിയ ഒരു കൊച്ചുമുത്തുപോലെ അതു കിടന്നു തിളങ്ങി, ഇളകി, അവരുടെ വയറോടു ചേർന്നു കിടന്നു. 'എനിക്ക് ദൈവം തന്ന സമ്മാനമാണിത്. മാലാഖമാരറിയാതെ തന്നത്. ഞാനിത് ആർക്കും കൊടുക്കുകയില്ല.' ആ അമ്മ ആഹ്ലാദത്തോടെ പറഞ്ഞു.

എന്നാൽ ബിഷപ്പിന് വലിയ വേവലാതിയായി. 'മാലാഖമാർ ആകാശത്തുകൂടി ഓടിക്കളിച്ച് നക്ഷത്രങ്ങളെ അമ്മാനമാടിയപ്പോൾ ഒരു കുഞ്ഞുനക്ഷത്രം തെറിച്ചു താഴെക്കു പോന്നതാണ് മേരീ. അത് നമ്മുടേതല്ല. മാലാഖമാരുടേതാണ്. അവർ വന്നു കണ്ടുപിടിക്കും. അപ്പോൾ കൊടുക്കാതെ പറ്റില്ല' ബിഷപ്പ് പറഞ്ഞു.

'പ്രിയനേ ഞാനിത് ഒളിച്ചുവക്കും. മാലാഖമാർ വന്നു കണ്ടുപിടിച്ചാൽ അവർ എടുത്തു കൊണ്ടുപോട്ടെ. കണ്ടുപിടിച്ചില്ലെങ്കിലോ ദൈവം എനിക്കു സമ്മാനിച്ചതാണ് എന്നർത്ഥം. അപ്പോൾ ഞാനീ കുഞ്ഞുനക്ഷത്രക്കുട്ടിയെ എന്റേതായി സ്വീകരിക്കും.' അവർ അങ്ങനെ പറഞ്ഞുകൊണ്ട് ആ നക്ഷത്രക്കുഞ്ഞിനേയും മാറോടുചേർത്ത് വീട്ടിനുള്ളിലേക്കു കയറിപ്പോയി.

ബിഷപ്പ് അല്പം ആശങ്കയോടെ ആകാശത്തേക്കു നോക്കി. അതാ മാലാഖമാർ പരസ്പരം നോക്കുന്നു. വേവലാതിപ്പെടുന്നു. ചുറ്റും തിരയുന്നു. പിന്നെ പരിഭ്രമിച്ച് നക്ഷത്രങ്ങളെ മുഴുവൻ വാരിയെടുത്തിട്ട് നഷ്ടപ്പെട്ട നക്ഷത്രക്കുട്ടിയെ തിരയാൻ ഭൂമിയിലേക്കു പറന്നുവരുന്നു. ബിഷപ്പ് മുട്ടുകുത്തി പ്രാർത്ഥിച്ചു കൊണ്ടുനിന്നു. 'ദൈവമേ എല്ലാം അങ്ങ് നിശ്ചയിക്കുംപോലെ നടന്നുകൊള്ളട്ടെ. ഞങ്ങളിൽ നിന്നും ഈ കൊച്ചു നക്ഷത്രക്കുട്ടിയെ തിരിച്ചെടുക്കണമെന്ന് അങ്ങ് ഇച്ഛിക്കുന്നെങ്കിൽ മാലാഖമാർ അതിനെ കണ്ടെത്തട്ടെ. ഈ നക്ഷത്രക്കുട്ടിയെ എന്റെ സഹധർമ്മിണിക്ക് അങ്ങു നൽകിയതാണെങ്കിൽ മാലാഖമാർ അതു കണ്ടെത്താതിരിക്കട്ടെ.'

മാലാഖമാർ പറന്നിറങ്ങി. ഭൂമിയിലെ വീടുകളായ വീടുകളെല്ലാം കയറി പരിശോധന തുടങ്ങി. നിശ്ശബ്ദമായി ആരോരുമറിയാതെ അവർ വീടുകളിൽ കയറിയിറങ്ങി. ഉറങ്ങുന്നവരും ഉണർന്നിരിക്കുന്നവരും ഒന്നും അവരെ കണ്ടില്ല. അവർ സാധാരണക്കാർക്ക് അദൃശ്യമായിട്ടായിരുന്നു വന്നിരുന്നത്.

അങ്ങനെ ഏതാനും മാലാഖമാർ ബിഷപ്പിന്റെ വീട്ടിലുമെത്തി. മുറ്റത്തു മുട്ടുകുത്തി പ്രാർത്ഥിക്കുന്ന ബിഷപ്പിനെപ്പോലും ശല്യപ്പെടുത്താതെ അവർ നിശ്ശബ്ദം വീടിനുള്ളിലേക്ക് കയറി. എന്നാൽ എല്ലാം അറിയാൻ ബിഷപ്പിനു കഴിയുമായിരുന്നു. ഒരു കുഞ്ഞുപറവയുടെ ചിറകടിപോലൊരു നാദം. ഒരു ചെറുകാറ്റ്. അതുണ്ടായപ്പോൾ അവരെത്തിയ കാര്യം ബിഷപ്പറിഞ്ഞു. സാവധാനം കതകുകൾ തുറന്നത് ബിഷപ്പു കണ്ടു. പിന്നെ അടക്കിപ്പിടിച്ചുള്ള സംസാരവും കേട്ടു. മാലാഖമാർ ബിഷപ്പിന്റെ വീട് അരിച്ചുപെറുക്കി പരിശോധിച്ചു. കട്ടിലിൽ കണ്ണു തുറന്നു കിനാവുകാണുന്ന മേരിയേയും അവർ കണ്ടു. അതു ബിഷപ്പിന്റെ സഹധർമ്മിണിയാണ് എന്ന് മനസ്സിലായപ്പോൾ അവർ സന്തോഷത്തോടെ ചിരിച്ചു. പിന്നെ കണ്ണുതുറന്നുകിടന്നു കിനാവു കാണുന്ന ആ അമ്മയുടെ കണ്ണുകളിലേക്ക് അവർ നോക്കി. എന്തൊരു പ്രകാശം നിറഞ്ഞ കണ്ണുകൾ. നക്ഷത്രത്തേക്കാൾ തിളങ്ങുന്ന കണ്ണുകൾ. അവർ അടക്കം പറഞ്ഞു ചിരിച്ചു. പിന്നെ അമ്മയുടെ കവിളിൽ മുത്തം വച്ചു. കവിളിൽ തണുപ്പു വന്നപ്പോൾ, ചിത്രശലഭച്ചിറകുകൾ ഉരുമ്മുംപോലെ തോന്നിയപ്പോൾ, പിന്നെ മുഖത്ത് കുളിർകാറ്റുവീശിയപ്പോൾ, അമ്മയ്ക്കും കാര്യം മനസ്സിലായി. തന്റെ ചാരത്ത് മാലാഖമാർ എത്തിയിരിക്കുന്നു. അവർ തന്നെ ചുംബിച്ചിരിക്കുന്നു. തന്റെ കണ്ണുകളിൽ നോക്കി രഹസ്യം പറഞ്ഞിരിക്കുന്നു.

ആ അമ്മ അറിയാതെ ഒന്നു ചിരിച്ചുപോയി. മാലാഖമാർ ആ ചിരിയും കണ്ടു. നമ്മുടെ ചിരിയിലും മനോഹരം. ഒരു മാലാഖ പറഞ്ഞു. 'ഇവൾ ഒരു ദൈവദാസിതന്നെ. അല്ലെങ്കിൽ ഇങ്ങനെ ചിരിക്കാൻ പറ്റില്ല.' അങ്ങനെ പറഞ്ഞുകൊണ്ട് മാലാഖമാർ ആ വീടു വിട്ടിറങ്ങി. ഭൂമി വിട്ട് സ്വർഗ്ഗത്തിലേക്കു പോയി. തങ്ങൾക്കു നഷ്ടപ്പെട്ട കുഞ്ഞുനക്ഷത്രക്കുട്ടിയുടെ കാര്യം മറന്നു. സ്വർഗ്ഗത്തെ പണികളിൽ ലയിച്ചു.

ബിഷപ്പ് പ്രാർത്ഥന നിർത്തി. വീട്ടിനുള്ളിലേക്കു കയറി. അവിടെ കട്ടിലിൽ അതാ തന്റെ സഹധർമ്മിണി കിടക്കുന്നു. കണ്ണുകൾ തുറന്നിരിക്കുന്നു. അവയ്ക്ക് എന്തൊരു തെളിച്ചം. വെളിച്ചം, തിളക്കം. സൗന്ദര്യം. നക്ഷത്രങ്ങളേക്കാൾ തിളങ്ങുന്ന കണ്ണുകൾ. ബിഷപ്പ് അത്ഭുതത്തോടെ തന്റെ പ്രിയപ്പെട്ടവളെ തലോടി ഉണർത്തി. പിന്നെ സ്വകാര്യം പറഞ്ഞു. 'മാലാഖമാർ ഇവിടെയും വന്നിരുന്നു. പരിശോധനയും കഴിച്ച് പോയിരിക്കുന്നു.'

മേരി ഉണർന്നു, നാണിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു. 'എല്ലാം ഞാനറിയുന്നുണ്ടായിരുന്നു പ്രിയനേ. മാലാഖമാർ വന്നു നമ്മുടെ വീടു തെരഞ്ഞു. പിന്നെ എന്റെ മുഖത്തു ചുംബിച്ചു. എന്റെ കണ്ണുകൾ കണ്ട് രഹസ്യം പറഞ്ഞു ചിരിച്ചു. പിന്നെ പറന്നു പുറത്തുപോയി. അവരുടെ ചിറകുകൾ തട്ടിയുണ്ടായ കുളിർക്കാറ്റുപോലും ഞാനറിഞ്ഞു. ദൈവത്തിനു സ്തുതി. അവർ എന്റെ കുഞ്ഞുനക്ഷത്രം കണ്ടുപിടിച്ചില്ല.'

ബിഷപ്പ് അത്യധികം വിസ്മയത്തോടെ ചോദിച്ചു: 'എനിക്ക് അത് വിശ്വസിക്കാനാകുന്നില്ല. നീ എന്തു വിദ്യയാണ് ചെയ്തത്? എവിടെയാണ് കുഞ്ഞുനക്ഷത്രത്തെ ഒളിപ്പിച്ചത്. അഥവാ ദൈവം നിനക്ക് എന്തു വിദ്യയാണ് തോന്നിപ്പിച്ചത്?'

മേരി മനോഹരമായി ചിരിച്ചു. ഒരു മാലാഖയുടെ ചിരിപോലൊരു ചിരി. ഒരു പൂർണ്ണചന്ദ്രന്റെ നിലാവുപോലൊരു ചിരി. ഒരു പുതുപുത്തൻ ഡാലിയാപുഷ്പം വിടരുംപോലൊരു ചിരി. അങ്ങനെ ചിരിച്ച് നാണത്തോടെ ബിഷപ്പിന്റെ ഇരുകരങ്ങളും കവർന്നുകൊണ്ടു പറഞ്ഞു. 'പ്രിയനേ, മാലാഖമാർ വന്നപ്പോൾ ഞാൻ കട്ടിലിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് എനിക്കൊരു വിദ്യതോന്നി. ദൈവം തോന്നിച്ചു. ഞാൻ നക്ഷത്രക്കുട്ടിയെ എടുത്ത് എന്റെ ഒരു കണ്ണിന്റെ കൃഷ്ണമണിയോടു ചേർത്തുവച്ചു. പിന്നെ, അങ്ങനെ ആദ്യമായി കണ്ട് ഇഷ്ടപ്പെട്ട എന്റെ ചാരത്തുവന്ന്, എന്റെ കരം ഗ്രഹിച്ച്, എന്നോട് ഐ ലൗവ് യു എന്നു മന്ത്രിച്ചതോർത്തു. പുളകം കൊണ്ടു. അപ്പോൾ എന്റെ ഹൃദയം ത്രസിച്ചു. എന്റെ മുഖത്തൊരു പുഞ്ചിരി വന്നു. എന്റെ കണ്ണുകൾ ആനന്ദം കൊണ്ടു തിളങ്ങി. അന്ന് തിളങ്ങിയതുപോലെ ഇന്നും തിളങ്ങി. എന്റെ ഉള്ളിലെ ആനന്ദം, പ്രേമം കണ്ണുകളിലൂടെ വെളിച്ചമായി, തിളക്കമായി പുറത്തേക്ക് ഒഴുകി. എന്റെ കണ്ണുകൾക്ക് ആയിരം നക്ഷത്രങ്ങളെക്കാൾ പ്രകാശമുണ്ടായി. ആ സ്നേഹത്തിന്റെ തിളക്കത്തിൽ, പ്രകാശത്തിൽ, എന്റെ കണ്ണിലെ നക്ഷത്രത്തിന്റെ വെട്ടം കാണാൻ പറ്റാതായി. നക്ഷത്രം മങ്ങി. ആ നിമിഷമായിരുന്നു മാലാഖമാർ എന്നെ കണ്ടത്. എന്റെ വിടർന്ന കണ്ണുകളിലേക്കു നോക്കി അതിന്റെ വെട്ടം കണ്ട് അതിശയിച്ചത്. അവർ കണ്ണുകളിലേക്കു ശ്രദ്ധിച്ചുനോക്കി. നോക്കിനോക്കി നിന്നിട്ടും നക്ഷത്രത്തെ കാണാൻ പറ്റിയില്ല. അത്ര പ്രകാശമായിരുന്നു എന്റെ കണ്ണിന്. എന്റെ, അങ്ങയോടുള്ള സ്നേഹം പകർന്ന ആഹ്ലാദത്തിന്റെ പ്രകാശത്തിന്'.

ബിഷപ്പ് അപ്പോഴും ആകാശത്തേക്കു കൈകൾ ഉയർത്തി അത്യുന്നതങ്ങളിലെ ദൈവത്തിനു നന്ദി പറഞ്ഞു. തന്റെ പ്രിയയുടെ സ്നേഹത്തിന്, സ്നേഹിക്കാൻ അവൾക്കു നൽകിയ കഴിവിന്, അനുഗ്രഹത്തിന്, നന്ദി പറഞ്ഞു.

പ്രിയപ്പെട്ടവരെ, ഈ സുദിനത്തിൽ ഇത്രയും മനോഹരമായ ഒരു കഥ നിങ്ങൾക്കായി കാഴ്ചവയ്ക്കാൻ കഴിഞ്ഞതും ഒരു ദൈവാനുഗ്രഹമായി ഞാൻ കരുതട്ടെ. ചെറുപ്പത്തിൽ ഏതോ ഒരു സാഹിത്യക്ലാസിൽ ഒരു അദ്ധ്യാപകൻ പറഞ്ഞ ഒരു കൊച്ചു കഥയുടെ ആശയമാണ് ഈ കഥയ്ക്ക് ആധാരം. എന്റെ ഭാഷയിൽ, എന്റേതായ രീതിയിൽ, എന്റെ ഭാവനയുപയോഗിച്ച് അത് ഞാനിവിടെ അവതരിപ്പിച്ചതാണ്. സ്നേഹത്തിന്റെ ഈ കഥ മഹത്വമുള്ള ഒരു കഥയാണ്. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവിവചനം ഓർക്കുക. സ്നേഹത്തിന്റെ രൂപമായിരുന്ന യേശുവിനെയും ഇന്നു സ്മരിക്കാം. സ്നേഹവും കരുണയും എന്തെന്നു പഠിപ്പിച്ച ശ്രീബുദ്ധനേയും നമുക്ക് ഇന്ന് ഓർക്കാം.

'ഐ ലൗവ് യു'. ഞാൻ നിന്നെ സ്നേഹിക്കുന്നു. അങ്ങനെ ആത്മാർത്ഥമായി പറയാൻ കഴിയുന്നവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം. ഭാര്യയ്ക്കും ഭർത്താവിനും, കാമുകനും കാമുകിക്കും, ചേട്ടനും അനുജനും, ചേച്ചിക്കും അനുജത്തിക്കും, കൂട്ടുകാരനും കൂട്ടുകാരിക്കും, എല്ലാം അങ്ങനെ പറയാൻ കഴിയണം. നാനാതരം ജന്തുജാലങ്ങളേയും പൂക്കളേയും ചെടികളേയും എല്ലാം നോക്കി ഐ ലൗവ് യു എന്നു പറയുന്ന അസീസിയിലെ പുണ്യവാളനേയും നമുക്കിന്ന് ഓർക്കാം. സ്നേഹം കൊടുക്കാനും സ്നേഹം വാങ്ങാനും ജീവിതം സ്വർഗ്ഗമാക്കാനും പ്രതിജ്ഞയെടുക്കാം.

*ഇന്നു ചെയ്യാൻ:* ഒരു പഴയ സ്നേഹബന്ധം പുതുക്കാം. മറന്നുപോയവരെ, നിസ്സാരമായ കാരണത്താൽ അകന്നുപോയവരെ ഓർത്ത് ബന്ധം പുതുക്കാം.

പ്രഭാഷണം



# കാൻസർ രോഗവും സമൂഹവും

ഡോ.വി.പി. ഗംഗാധരൻ

**90 ശതമാനം ശ്വാസകോശ കാൻസർ രോഗത്തിനും കാരണം പുകയിലയാണ്. പത്തുശതമാനത്തിൽ മാത്രമെ പുകവലിക്കാത്തവരിൽ ശ്വാസകോശ കാൻസർ കണ്ടുവരുന്നുള്ളു. പത്തുശതമാനം എ ടുക്കുകയാണെങ്കിൽ അതിൽ അമ്പതുശതമാനം പേരും മറ്റുള്ളവർ ഉപയോഗിക്കുന്നതിലൂടെ ലഭിക്കുന്നതാണ്. കുട്ടികളിലുണ്ടാകുന്ന ഒരു പ്രധാനകാരണം പാസീവ് സ് മോക്കിംഗ് കൊണ്ടാണ്. പുകവലിക്കുന്ന വ്യക്തി സ്വയം മരിക്കുക മാത്രമല്ല, മറ്റുള്ളവരുടെ മരണത്തിനു കൂടി കാരണക്കാരാവുകയാണ്. അതുകൊണ്ടാണ് പൊതുസ്ഥലത്ത് ഒരു കാരണവശാലും പുകവലിക്കാൻ പാടില്ലായെന്ന നിയമം കർശനമായി നിലനിൽക്കുന്നത്. പക്ഷേ, അതു തുടരുകയും ചെയ്യുന്നു.**

**കാ**ൻസറിനെതിരെ എന്തൊക്കെ ചെയ്യുവാൻ സാധിക്കും. മുൻകരുതലാണ് ആദ്യം വേണ്ടത്. തടയുവാൻ സാധിക്കുമെങ്കിൽ തടയുവാൻ കഴിയണം. പ്രാരംഭദശയിൽ കണ്ടുപിടിക്കാൻ സാധിക്കുമെങ്കിൽ കണ്ടുപിടിക്കാൻ സാധിക്കണം. രക്ഷപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ രക്ഷപ്പെടുത്തുവാൻ സാധിക്കണം. രോഗവുമായി വരുന്നവരിൽ 45 ശതമാനം പേരുടെയും രോഗം ഭേദമാക്കുവാൻ കഴിയും. കുട്ടികളിൽ 80 ശതമാനംവരെ പരിപൂർണ്ണമായും ഭേദമാക്കുവാൻ കഴിയും. 30 ശതമാനംപേർക്ക് ജീവിതം നീട്ടിക്കൊടുക്കുവാൻ സാധിക്കും. ശിഷ്ടജീവിതം കിടക്കയിലായിരിക്കില്ല എന്നു ഉറപ്പുവരുത്താൻ കഴിയും. നമ്മളെപ്പോലെ തന്നെ സാധാരണ ജീവിതം നയിക്കുവാൻ പ്രാപ്തിയുള്ളവരായിട്ടാണ് അവർ ജീവിക്കുന്നത്.

ഒരു ഡയബറ്റിക് പേഷ്യന്റിന് രോഗം സുഖപ്പെടുന്നില്ല. ഡയബറ്റിക് നിയന്ത്രിച്ചുകൊണ്ട് ജീവിതത്തെ ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രഷർ ഉള്ള ഒരു രോഗിയുടെ പ്രഷർ മാറ്റുകയല്ല. അതിനെ നിയന്ത്രിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ്. കാൻസറിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. കാൻസർ രോഗികളിൽ മറ്റൊരു മുപ്പതു ശതമാനം പേരും കാൻസർ രോഗത്തെ തിരിച്ചറിഞ്ഞ് അതിനനുസരണമായി ജീവിതത്തെ ചിട്ടപ്പെടുത്തി ജീവിക്കുന്നവരാണ്. കാൻസറിന്റെ കാര്യത്തിൽ നാം വിട്ടുപോകുന്ന ഒരു കാര്യമാണിത്.

മലയാളത്തിലെ പ്രശസ്തനായ സിനിമാ നടൻ സത്യൻ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനത്തെ പത്തു വർഷം ജീവിച്ചതും അഭിനയിച്ചതും കാൻസർ രോഗിയായിട്ടാണെന്ന് അറിയണം. ബാലൻ കെ.നായർ അവസാനത്തെ ഏഴുവർഷം അഭിനയിച്ചത് കാൻസർ രോഗിയായിട്ടാണ്. മറ്റൊരു മുപ്പതു ശതമാനം പേർക്ക് ഇതിനൊന്നിനും സാധിക്കില്ല. അവരുടെ രോഗം ഭേദപ്പെടുത്തുവാനും സാധിക്കില്ല; ജീവിതം നീട്ടിക്കൊടുക്കാനും സാധിക്കില്ല. പക്ഷേ, മരിക്കുന്ന സമയംവരെ ഒരു വേദനയും ഇല്ലാതെ ജീവിക്കുവാൻ അവർക്കു കഴിയും.

മുൻകരുതലുകൾകൊണ്ട് രോഗാവസ്ഥയിൽ നിന്നും മുക്തിനേടുവാൻ കഴിയും. നാലു തരം കാൻസറാണ് കൂടുതലായി കണ്ടുവരുന്നത്. കാർസിനോമ വിഭാഗത്തിൽ പെട്ട കാൻസർ എപ്പിത്തീലിയൻ കോശങ്ങളിൽ നിന്ന് ഉദ്ഭവിക്കുന്നതാണ്. രണ്ടാമത്തേത്, സാർകോമ. അസ്ഥികൾ, മാംസക്കൊഴുപ്പ്, തരുണാസ്ഥികൾ എന്നീ കലകളെ ബാധിക്കുന്ന കാൻസറാണിത്. മൂന്നാമത്തേത്, ലുക്കീമിയ വിഭാഗത്തിലുള്ള കാൻസറാണ്. രക്താണുക്കളെയോ അല്ലെങ്കിൽ അവയുടെ ഉദ്ഭവസ്ഥാനമായ മജ്ജയെയോ ബാധിക്കുന്ന കാൻസറാണിത്. ലിംഫോമ വിഭാഗത്തിൽ പെട്ടതാണ് നാലാമത്തേത്. ശരീരത്തിനു പ്രതിരോധശക്തി നൽകുന്ന ഒരു തരം രക്താണുക്കളായ ലിംഫ് കോശങ്ങളിൽ ബാധിക്കുന്ന കാൻസറാണിത്.

പുരുഷന്മാരിൽ ഏറ്റവും അധികമായി കാണുന്നത് ശ്വാസകോശത്തിലുള്ള കാൻസറാണ്. രണ്ടാമതായി കാണുന്നത് വായ്ക്കകത്തും കഴുത്തിലും തൊണ്ടയിലും വരുന്ന കാൻസറാണ്. ഈ രണ്ടു കാൻസറുകളും ചേർന്നാൽ മലയാളി പുരുഷന്മാരിൽ വരുന്ന കാൻസറിൽ അറുപതു ശതമാനംവരെയായി. ഈ രണ്ടു കാൻസറും മലയാളിയുടെ ദുശീലങ്ങളുമായി ബന്ധപ്പെട്ടുവരുന്നതാണ്. പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ട് നേരിട്ടുവരുന്ന കാൻസറാണിത്. എങ്ങനെ വരുന്നുവെന്നതിലുള്ള വ്യത്യാസം മാത്രമെയുള്ളു. പുകവലിമൂലം, അല്ലെങ്കിൽ പുകയില ഉല്പന്നങ്ങളുടെ ഉപയോഗംമൂലം.

നമുക്കൊരു നാഷണൽ കാൻസർ കൺട്രോൾ പ്രോഗ്രാമുണ്ട്. അതിൽ മൂന്നുകാര്യങ്ങളാണ് അടിവരയിട്ടു പറഞ്ഞിരിക്കുന്നത്. പുകയില, ആഹാരരീതികൾ, മദ്യപാനം.

നമ്മുടെ നാട്ടിൽ സ്കിൻ കാൻസർ വളരെ കുറവാണ്. ദൈവം അറിഞ്ഞുതന്നിരിക്കുന്നതാണ് നമ്മുടെ കറുപ്പുനിറം. ആ കറുപ്പ് നിറം സ്കിൻ കാൻസറിനെ പ്രതിരോധിക്കാൻ കഴിവുള്ളതാണ്. സായ്പ്പും മദാമ്മയും വെയിലുകൊള്ളുന്നത് രക്ഷപ്പെടുവാൻവേണ്ടിയാണ്. മലയാളി ബ്യൂട്ടി പാർലറിൽപോയി തൊലി വെളിപ്പിക്കുകയാണ് എന്നും ഓർക്കുക.

90 ശതമാനം ശ്വാസകോശ കാൻസർ രോഗത്തിനും കാരണം പുകയിലയാണ്. പത്തുശതമാനത്തിൽ മാത്രമെ പുകവലിക്കാത്തവരിൽ ശ്വാസകോശ കാൻസർ കണ്ടുവരുന്നുള്ളു. പത്തുശതമാനം എടുക്കുകയാണെങ്കിൽ അതിൽ അമ്പതുശതമാനം പേരും മറ്റുള്ളവർ ഉപയോഗിക്കുന്നതിലൂടെ ലഭിക്കുന്നതാണ്. കുട്ടികളിലുണ്ടാകുന്ന ഒരു പ്രധാനകാരണം പാസീവ് സ്മോക്കിംഗ് കൊണ്ടാണ്. പുകവലിക്കുന്ന വ്യക്തി സ്വയം മരിക്കുക മാത്രമല്ല, മറ്റുള്ളവരുടെ മരണത്തിനു കൂടി കാരണക്കാരാവുകയാണ്. അതുകൊണ്ടാണ് പൊതുസ്ഥലത്ത് ഒരു കാരണവശാലും പുകവലിക്കാൻ പാടില്ലായെന്ന നിയമം കർശനമായി നിലനിൽക്കുന്നത്. പക്ഷേ, അതു തുടരുകയും ചെയ്യുന്നു.

ഒരു ഡോക്ടറെ എനിക്കറിയാം. ഓരോ ഓപ്പറേഷൻ കഴിയുമ്പോഴും ഡോക്ടർ പുറത്തുപോയി പുകവലിക്കും. ഇതറിയുന്ന ഉദ്യോഗസ്ഥർ കൃത്യമായി വന്ന് അദ്ദേഹത്തിന് 100 രൂപ പിഴയിടും. പുകവലി പൂർണ്ണമായും തടയുവാൻ നമുക്കു സാധിക്കുന്നില്ല. അതു ചെയ്യുവാൻ സാധിച്ചാൽ നല്ലൊരു ശതമാനം കാൻസർ രോഗം ഇല്ലാതാകും. പുകവലിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. പാൻപരാഗ്, ശംഭു തുടങ്ങിയ പേരുകളിലാണ് അത് അറിയപ്പെടുന്നത്. 16 വയസ്സിനു മുകളിലുള്ളവരുടെ എണ്ണത്തിലാണ് പുകവലി ഉപയോഗം കൂടുതലെന്നു ഞാൻ പറയുമായിരുന്നു. എന്നാൽ ഇപ്പോൾ അതിനു മാറ്റം വന്നിരിക്കുന്നു. പ്രശസ്ത സാഹിത്യകാരനായ വി.കെ.എന്നിന്റെ നാടായ തിരുവില്വാമലയിലെ ഒരു സ്കൂളിൽ ഞാൻ പോയിരുന്നു. ഗവൺമെന്റ് സ്കൂളാണ്. നാലാം ക്ലാസു മുതലുള്ളവർ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ എന്നോടു പറയുകയുണ്ടായി. ആൺകുട്ടികൾ മാത്രമല്ല, പെൺകുട്ടികളും ഉപയോഗിക്കുന്നുണ്ട്. ക്ലാസു കഴിഞ്ഞ് മുറിയിൽ ചെന്നപ്പോൾ ടീച്ചർ ഒരു സഞ്ചി എടുത്ത് എന്നെ കാണിച്ചു. കഴിഞ്ഞ ഒരു മാസം പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളാണെന്നു പറഞ്ഞു. ഇത് തിരുവില്വാമല എന്ന ഗ്രാമത്തിന്റെ കഥയാണ്. ഇത് എറണാകുളത്താണെങ്കിൽ, ഏതു സ്കൂളിലെ കാര്യമെടുക്കുകയാണെങ്കിലും കഥ എത്രയോ ഭയപ്പെടുത്തുന്നതായിരിക്കും. നമുക്കിത് തടയാൻ സാധിക്കുമോ.

വായ്ക്കകത്ത് നാലും അഞ്ചും സ്ഥലത്ത് കാൻസർവടുക്കളുമായി വരുന്നവരെ ഞങ്ങൾ കാണാറുണ്ട്. കഴിഞ്ഞ അഞ്ചോ ആറോ വർഷങ്ങളായി സ്ഥിരമായി ഉപയോഗിക്കുന്ന ലഹരി ഉല്പന്നങ്ങളുടെ ഫലമാണിത്.

ഒരുപക്ഷേ അടുത്ത തലമുറയിൽ മലയാളിയെ കാണുന്നത് ശ്വാസകോശ കാൻസറിനു പകരം വായ്ക്കകത്തുണ്ടാകുന്ന കാൻസറുമായിട്ടായിരിക്കും. ഇതിന്റെ തുടക്കം സ്കൂളിലാണ്. ഒന്നുമറിയാത്ത കുട്ടികളാണ് ഇതിന് ഇരയാകുന്നത്. ഒരു കാരണവശാലും ഒരു സ്കൂൾ പരിസരത്തും ഇത്തരം സാധനങ്ങൾ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകാൻ പാടില്ല. അതു വിപണനം ചെയ്യുന്നവർ ശിക്ഷിക്കപ്പെടേണ്ടതുമാണ്. അല്ലെങ്കിൽ അടുത്ത തലമുറയെ കാണാൻ പോകുന്നത് ഇടംവലം വായ്ക്കകത്തു കാൻസറുമായി നടക്കുന്ന കുട്ടികളെയായിരിക്കും.

മദ്യമാണ് മറ്റൊരു നായകൻ. മദ്യപിക്കുകയും അതിന്റെ കൂടെ പുകയില ഉപയോഗിക്കുകയും ചെയ്യുവന്നവരിൽ പുകയില മൂലമുണ്ടാകുന്ന കാൻസർ പതിൻമടങ്ങ് വർദ്ധിക്കും. മദ്യപാനികളിൽ വരാൻ സാധ്യതയുള്ളതാണ് ആമാശയ കാൻസറും കുടലിലെ കാൻസറും, കരളിലെ കാൻസറും. അതുകൊണ്ട് എന്ന് മലയാളിപുരുഷന്മാർ മദ്യപാനവും പുകയിലയും ഉപേക്ഷിക്കാൻ തയ്യാറാകുന്നുവോ അന്നേ മലയാളി പുരുഷന്മാരിൽ വരുന്ന കാൻസറിന്റെ കണക്കിൽ വ്യത്യാസം വരികയുള്ളു.

ആഹാരരീതിയുടെ മാറ്റം കാൻസറിനു കാരണമായിട്ടുണ്ട്. നമ്മുടെ കുട്ടികൾക്ക് ഇന്ന് അവിയൽ എന്താണെന്നറിയില്ല. ചീരത്തോരൻ എന്താണെന്ന് അറിയില്ല. ഇന്ത്യയിൽ ഏറ്റവും അധികം മാംസാഹാരം കഴിക്കുന്ന സംസ്ഥാനമാണ് കേരളം. ഓണം കഴിഞ്ഞുവരുന്ന ദിവസത്തിൽ മലയാളി കഴിച്ച ഇറച്ചിയുടെ കണക്ക് പത്രത്തിൽ വായിക്കാം. പച്ചക്കറി ഉല്പന്നങ്ങൾകൊണ്ട് ഓണം ആഘോഷിക്കേണ്ട മലയാളി മഹാബലിയെ സ്വീകരിക്കുന്നത് ഇറച്ചി കഴിച്ചുകൊണ്ടാണ്. ബേക്കറികളും തട്ടുകട സംസ്കാരങ്ങളും കാൻസർ രോഗത്തിന്റെ എണ്ണത്തെ വർദ്ധിപ്പിച്ചു. ടിന്റു ലൂക്കിനെയും മറ്റും കാണുമ്പോൾ കൈയ്യടിക്കാൻ പഠിച്ച മലയാളികൾ ഓടാനോ വ്യായാമം ചെയ്യാനോ തയ്യാറാകുന്നില്ല. വ്യായാമം ഇല്ലാതെയാണ് നമ്മുടെ തലമുറ വളരുന്നത്.

കൊഴുപ്പു നിറഞ്ഞ ആഹാരം ധാരാളം കഴിക്കുകയും വ്യായാമം ചെയ്യാതെയിരിക്കുകയും ചെയ്യുമ്പോൾ വരാൻ സാധ്യതയുള്ള കാൻസറിന്റെ ലിസ്റ്റിൽ വരുന്നതാണ് അന്നനാളത്തിലെയും ആമാശയത്തിലെയും കാൻസർ. കൊഴുപ്പുള്ള ആഹാരം ധാരാളം കഴിക്കുകയും നാരുള്ള ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്യുമ്പോൾ വരാൻ സാധ്യതയുള്ളതാണ് കുടലിലെ കാൻസർ. അതുകൊണ്ടുതന്നെ നമ്മുടെ ആഹാരം നാം മാറ്റിമറിച്ചേ മതിയാവൂ.

കീടനാശിനികളുടെയും വളങ്ങളുടെയും കാര്യം പറയാം. പഴങ്ങൾക്കും പച്ചക്കറികൾക്കും കാൻസറിനെ തടയാനുള്ള ശക്തിയുണ്ട്. പച്ചക്കറികൾ വാങ്ങാൻ പോകുമ്പോൾ ചെറിയതും മെലിഞ്ഞതുമായത് വാങ്ങുവാനാണ് ഞങ്ങൾ പറയുന്നത്. ഏറ്റവും തൂക്കം കൂടിയതും ഏറ്റവും മാംസളമായതും വാങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. അതിൽ തീർച്ചയായും ഹോർമോണുകളും വളങ്ങളും അടങ്ങിയിട്ടുണ്ടാവും. ഞങ്ങൾ തമാശയായിപറയുന്നത് പച്ചക്കറിക്കടയിൽ നിന്നും വേണ്ടാത്തതൊക്കെ പച്ചക്കറിക്കടക്കാരൻ പുറത്തേക്ക് ഇടും. ശുഷ്കിച്ച വെണ്ടയ്ക്കയും മുരിങ്ങയ്ക്കയുമൊക്കെ. അതൊക്കെയാണ് നല്ലതെന്നു ഞങ്ങൾ പറയും. വാങ്ങിക്കുന്ന പച്ചക്കറികൾ കുറച്ചുനേരം ചെറുചൂടുവെള്ളത്തിൽ ഉപ്പിട്ട് വയ്ക്കുന്നതും മഞ്ഞൾപൊടി ഇടുന്നതും നല്ലതാണ്. വീട്ടുകൃഷിയെ പ്രോത്സാഹിപ്പിക്കണം. കാൻസർ രോഗത്തെ ഒരു പരിധിവരെ തടയാം. പഴം, പച്ചക്കറി എന്നിവയിലുള്ള ഹോർമോണുകൾ നേരിട്ടു പ്രവർത്തിക്കുന്നതിനെക്കാൾ കൂടുതൽ മാംസത്തിലെ ഹോർമോണുകൾ പ്രവർത്തിക്കുന്നു. നമ്മുടെ ശരീരത്തിലെ ഹോർമോണുകൾക്ക് ദോഷം ഉണ്ടാക്കുന്ന ഹോർമോണുകളാണ് അവ. കുട്ടികളിലെ ടീനേജിന്റെ പ്രായം ഇന്ന് വളരെ കുറവായിവരുന്നു. അതുപോലെതന്നെ സ്ത്രീകളുടെ ആർത്തവകാലവും കൂടിവന്നിരിക്കുന്നു. ഹോർമോണുകൾ ഉള്ള ഭക്ഷ്യവസ്തുക്കളുടെ അധിക ഉപയോഗം കൊണ്ടാണ് ഇതു സംഭവിക്കുന്നത്.

ഏറ്റവും കൂടുതൽ വിഷാംശം അടങ്ങിയ പച്ചക്കറി ഏതാണെന്ന് പരിശോധിച്ച് അതു വെളിപ്പെടുത്തുന്ന ഒരു ജേർണൽ പ്രസിദ്ധീകരിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു മാസമായി ഏറ്റവും കൂടുതൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നത് കറിവേപ്പിലയിലാണെന്നാണ് അവരുടെ വെളിപ്പെടുത്തൽ. മറ്റൊന്ന് അച്ചിങ്ങാ പയറിലാണ്. ഇതൊക്കെ നമ്മളെ കൂടുതൽ അപകടപ്പെടുത്തുവാൻ സഹായിക്കുന്നവയാണ്.

എങ്ങനെയുള്ള ആഹാരമാണ് നാം കഴിക്കേണ്ടത് എന്ന ചോദ്യമുണ്ടാവും. അമ്പതുശതമാനവും പഴങ്ങളും പച്ചക്കറികളുമാണ്. മാംസം കഴിക്കണം. പക്ഷേ അതിന്റെ കൂടെ പഴങ്ങളും പച്ചക്കറികളും കഴിക്കണം. സായിപ്പ് എന്ത് ആഹാരം കഴിച്ചാലും അതിനൊപ്പം സലാട് ഉണ്ടാവും. മലയാളിക്ക് സലാട് വേണ്ട. നോൺവെജ് കഴിക്കണമെങ്കിൽ ഏറ്റവും നല്ലത് മീനാണ്. ചിക്കൻ വല്ലപ്പോഴും ക

## കതിരും പതിരും



രാജീവ് ആലുങ്കൽ

**നി**വർന്നുനിൽക്കാ,നാവാക്കതിരിനു
പതിവായ് പതിരിന്നാക്ഷേപം
കൊയ്യുന്നേരം അരിവാൾത്തലയുടെ
തടവേൽക്കാത്തൊരഹങ്കാരം.

മെതിത്തഴമ്പിൻ താഡനമേൾക്കാ-
പതിരിന്നെന്തൊരു ഹുങ്കാരം
നിറപറയെന്നൊരു തടവറപൂകിയ
കതിരിനു പതിരിൻ പരിഹാസം

മുന്നിൽ കത്തും, നിറദീപത്തിൻ
ചൂടുംകൊണ്ടു കിടക്കുമ്പോൾ
ദൂരേപീഢന,മേൾക്കാപ്പതിരിനു
ദുരനുരയുന്നൊരു പയ്യാരം.

സാമ്പ്രാണിപ്പുക കൊണ്ടുവിയർക്കും
കതിരിനു കണ്ണുകലങ്ങുമ്പോൾ
സഹിയ്ക്ക നിന്നുടെ, ദുർവിധിയല്ലാ-
തെന്തെന്നായി പതിരോയാൻ.

ഒടുവിൽ ഒരു ചെറു പന്തത്തീയിൽ
പതിരെരിയുന്നൊരു നേരത്ത്
കതിരുപറഞ്ഞു അഹങ്കരിപ്പോർ-
കൊടുക്കുമീ വിധി കട്ടായം.

തിന്മതിളയ്ക്കും നെഞ്ചിൽ നിറയെ
നന്മയൊഴിയ്ക്കുക പരിഹാരം
നീയെരിയുന്നൊരു വെണ്ണീറല്ലോ
എന്നുടെ മക്കൾക്കാഹാരം.

## സന്തോഷത്തിന്റെ രഹസ്യം ആത്മസമർപ്പണം

മാതാ അമൃതാനന്ദമയി



**നാ**രായണഗുരുദേവൻ വാക്കുകൾ കൊണ്ടു വിശേഷിപ്പിക്കേണ്ട ഒരു വിഷയമല്ല. അനുഭവിച്ചറിയേണ്ട പ്രതിഭാസമാണ്. അനുഭവിച്ചാൽ തന്നെ നമുക്കും പറയാൻ അധികമുണ്ടാവില്ല. സത്യത്തെ അസത്യമായും, ധർമത്തെ അധർമ്മമായും ഭരിക്കുമ്പോഴാണല്ലോ സമൂഹം വഴിതെറ്റിപ്പോകുന്നത്. അങ്ങനെ വഴിതെറ്റിപ്പോകുന്ന ഒരു സമൂഹത്തെ മുഴുവൻ രക്ഷിച്ച മഹാത്മാവാണ് ഗുരുദേവൻ. വാസ്തവത്തിൽ മറ്റൊരു കുരുക്ഷേത്രയുദ്ധമായിരുന്നു ഗുരുദേവൻ നയിച്ചത്. പക്ഷേ, ആയുധം കൊണ്ടുള്ള യുദ്ധമല്ല. ധർമനിഷ്ഠയും സദാചാരബോധവുമായിരുന്നു അദ്ദേഹം ആയുധമാക്കിയത്. സന്യാസത്തെക്കുറിച്ചും സന്യാസിമാർക്ക് സമൂഹത്തിലുള്ള കടമങ്ങളെക്കുറിച്ചും ഗുരുദേവന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. സന്യാസിമാർ സമൂഹസേവനം വ്രതമായി സ്വീകരിക്കണം. അതായിരുന്നു അദ്ദേഹത്തിന്റെ മതം.

ഏതു കർമം ചെയ്യുമ്പോഴും സന്തോഷമായി ചെയ്യണം. അവരാണ് യഥാർത്ഥ സന്യാസി. ആത്മസമർപ്പണമാണ് സന്തോഷത്തിന്റെ രഹസ്യം. സന്യാസിമാർ മമതയില്ലാതെ കർമം ചെയ്യണം. സമർപ്പണം കൊണ്ടുമാത്രമെ കർമം ചെയ്യാൻ സാധിക്കുകയുള്ളു. ഹൃദയം നിറഞ്ഞ കാരുണ്യവും അതിലൂടെ ഉടലെടുക്കുന്ന ത്യാഗവും മറ്റുള്ളവരുടെ സുഖത്തിനു വേണ്ടി സ്വന്തം സുഖം ത്യജിക്കുമ്പോഴുണ്ടാകുന്ന സന്തോഷമാണ് സന്യാസധർമത്തെ വ്യത്യസ്തവും അതുല്യവുമാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ യഥാർത്ഥ സന്യാസിക്കുമാത്രമെ സമൂഹത്തിൽ യഥാർത്ഥ മാറ്റം വരുത്താൻ സാധിക്കുകയുള്ളു. അധികാരവും അവകാശവുമല്ല മാറ്റത്തിനുള്ള നിദാനം. സ്നേഹവും നിസ്വാർത്ഥതയുമാണ്.

അധികാരം അഹങ്കാരത്തിന്റെ ശബ്ദമാണ്. അവിടെ സ്നേഹമില്ല. സ്വാർത്ഥതമാത്രമാണ് ഭരിക്കുന്നത്. എല്ലാ കർമമണ്ഡലങ്ങൾക്കും ആത്മീയതയാണ് ആവശ്യം. അതിനെയാണ് കർമകുശലതയെന്നുപറയുന്നത്. അതാണ് സന്യാസിമാർക്കും ആദ്ധ്യാത്മികജീവിതത്തിനും വേണ്ടത്.

ജനങ്ങളെ നയിക്കാനും സമൂഹത്തിൽ നിയമം കൊണ്ടുവരുവാനും അധികാരവും പദവിയും വരണം. പക്ഷേ, ആ അധികാരവും പദവിയും മമതയിൽ ഉപയോഗിക്കാൻ പഠിക്കണം. അതിനായി എല്ലാവരെയും നയിക്കട്ടെ.

# കാൻസർ രോഗവും സമൂഹവും

ഴിക്കാം. മട്ടൻ വളരെ വളരെ കുറച്ചുമാത്രം കഴിക്കാൻ പറയും. ബീഫിനെക്കുറിച്ച് ഞങ്ങൾ തമാശയായി പറയും. ബി എ പാസീവ് ഈറ്റ്. മറ്റൊരാൾ ബീഫ് കഴിക്കുന്നതു കണ്ട് സംതൃപ്തിപ്പെടുക. സ്വയം നശിക്കാതെ, മറ്റൊരാൾ കഴിക്കുന്നത് കണ്ടുകൊണ്ട് തൃപ്തിപ്പെടാൻ കഴിയണം. ധനലാഭവും ആരോഗ്യലാഭവും ഫലം.

നാലുതരത്തിലുള്ള കാൻസർ കേരളത്തിൽ കണ്ടുവരുന്നു. സ്തനാർ ബുദം, ഗർഭാശയ കാൻസർ, വായ്ക്കകത്തുള്ള കാൻസർ, ശ്വാസകോശ കാൻസർ. ഇതിൽ ശ്വാസകോശാർബുദം പ്രാരംഭദശയിൽ കണ്ടുപടിക്കാൻ സാധിക്കുകയില്ല. ഇന്ന് എക്സറേ എടുത്താലും അടുത്തദിവസം കഴിയുമ്പോൾ കാൻസർ വളരെ അഡ്വാൻ സിഡായി കണ്ടെന്നുവരാം. രോഗനിവാരണം അഞ്ചുശതമാനമാണ്. പുകവലി ഒഴിവാക്കി തടയുക എന്നതാണ് പ്രധാനം. മറ്റുമൂന്നു കാൻ സറുകളെയും തുടക്കത്തിൽ തന്നെ കണ്ടുപിടിക്കാൻ സാധിക്കും.

സ്ത്രീകളുടെ കാൻസറിൽ കൂടുതലായി കണ്ടുവരുന്നത് ബ്രസ്റ്റ് കാൻസറാണ്. അമ്പതുവയസ്സിനു മുകളിൽ മാത്രം കണ്ടുവന്നിരുന്ന ബ്രസ്റ്റ് കാൻസർ ഇന്ന് ഇരുപതുവയസുള്ള ധാരാളം പെൺകുട്ടികളിൽ കണ്ടുവരുന്നു. എന്തുകൊണ്ട് എന്ന ചോദ്യം ഉയരുന്നു. പാശ്ചാത്യവത്കരിക്കപ്പെട്ട നമ്മുടെ ആഹാരരീതിയാണ് ഇതിനു കാരണമെന്ന് ഒറ്റവാക്കിൽ പറയാൻ കഴിയും. സ്ത്രീകൾ പ്രത്യേകമായി അറിഞ്ഞിരിക്കേണ്ടത് സ്താനാർബുദം കൂടിവരികയാണ്. പക്ഷേ, അതേസമയം തന്നെ ഈ രോഗത്തിൽ നിന്നും രക്ഷപ്പെടുന്നവരും വളരെ കൂടുതലാണ്. പ്രാരംഭത്തിൽ കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ നൂറു ശതമാനവും ഭേദപ്പെടുത്തുവാൻ കഴിയുന്നതാണ് സ്തനാർ ബുദം. പ്രാരംഭദശയിൽ കണ്ടുപിടിക്കാമെങ്കിൽ സ്തനം മുഴുവൻ മുറിച്ചുമാറ്റേണ്ടതായി വരുന്നില്ല. അസുഖം വന്ന ഭാഗം മാത്രം മുറിച്ചുമാറ്റിയാൽ മതിയാവും. അതുകൊണ്ട് എല്ലാം സ്ത്രീകളും സ്തനാർബുദവുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും അറിഞ്ഞിരിക്കണം. ഇരുപതു വയസ്സു കഴിഞ്ഞ എല്ലാം സ്ത്രീകളും സ്തനപരിശോധന നടത്തണം. ഏതു ചെറിയ മാറ്റവും ശ്രദ്ധിക്കണം. അത് കാൻസർ ആകണമെന്നില്ല. പാരമ്പര്യത്തിന്റെ സാധ്യത അഞ്ചുശതമാനമാണ്. കുട്ടികളെ മുലയൂട്ടാത്തവർക്ക്, മാസമുറ മാറ്റിവയ്ക്കാനും, ഗർഭധാരണം തടയാനുംവേണ്ടി ഉപയോഗിക്കുന്ന ഗുളികകളുടെ അമിതമായ ഉപയോഗം ഇതൊക്കെയാണ് സ്തനാർബുദത്തിനു കാരണമാകുന്നത്. കുട്ടികളില്ലാത്തവർ ചികിത്സയ്ക്കു പോകുന്നതിനുമുമ്പ് നിർബന്ധമായും സ്തനാർബുദം ഉണ്ടോയെന്ന് പരിശോധിക്കണം. കാരണം, അവർ ഉപയോഗിക്കുന്ന പല ഹോർമോണുകളും സ്തനാർബുദത്തിന്റെ വേഗതയ്ക്കു കാരണമാകുന്നതാണ്. നാല്പതു വയസ്സിനു മുകളിലുള്ള സ്ത്രീകൾ വർഷത്തിലൊരിക്കലെങ്കിലും പരിശോധന നടത്തണം. അവർ ചെയ്യേണ്ടത് അൾട്രാ സൗണ്ട് മാമോഗ്രാം ആയിരിക്കണം. നാല്പത്തിനു വയസ്സിനു താഴെയുള്ളവർ എക്സ്റേ മാമോഗ്രാം ചെയ്താൽ മതിയായിരിക്കും.

പാപിലോമ വൈറസ് അണുബാധ ഉള്ളവർക്ക് ഗർഭാശയഗള കാൻസർ വരാനുള്ള സാധ്യതയേറെയുണ്ട്. പോളിയോ വാക്സിനേഷൻ പോലെതന്നെ ഇതിനൊരു കുത്തിവയ്പുണ്ട്. എച്.പി.വി വാക്സിനേഷൻ. പത്തുവയസ്സിനും ഇരുപത്തിയാറ് വയസ്സിനും ഇടയ്ക്കുള്ള പെൺകുട്ടികൾ ലൈംഗീകബന്ധത്തിൽ ഏർപ്പെടുന്നുവെങ്കിൽ ഈ കുത്തിവയ്പ് എടുക്കണെമെന്ന് പറയാറുണ്ട്. ആദ്യത്തെ മാസം ഒരെണ്ണം, രണ്ടാമത്തെ മാസം ഒന്ന്, മൂന്നാമത്തേത് ആറാം മാസത്തിൽ. ബാഹ്യമായിട്ടുള്ള അണുബാധ തടയുകയാണ് അതിലൂടെ ചെയ്യുന്നത്.

മലയാളിക്ക് വരുന്ന കാൻസറിൽ അമ്പതു ശതമാനം മുതൽ അറുപത് ശതമാനം വരെ പ്രാരംഭദശയിൽ കണ്ടുപിടിക്കാനും തടയാനും കഴിയുന്ന കാൻസറുകളാണ്. പക്ഷേ, ആരും മുൻകൂട്ടി പരിശോധിക്കാറില്ല. പ്രഷറും കൊളസ്ട്രോളും ഷുഗറും നാം പോയി പരിശോധിക്കാറുണ്ട്. പക്ഷേ, കാൻസർ ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കാൻ നാം ശ്രമിക്കാറില്ല.

വേദനയില്ലാതെ വായ്ക്കകത്തുവരുന്ന പാടുകളും വ്രണങ്ങളും കാൻസറിന്റെ സൂചനയാണ്. പ്രോസ്റ്റേറ്റ് കാൻസർ കണ്ടുപിടിക്കാൻ കഴിയും. രാത്രിസമയത്ത് ഇടവിട്ടിടവിട്ട് പല പ്രാവശ്യം മൂത്രം ഒഴിക്കാൻ തോന്നുക, മൂത്രം കെട്ടിക്കിടക്കുന്നതായി തോന്നുക, വിട്ടുവിട്ട് മൂത്രത്തിൽ പഴുപ്പുണ്ടാകുക, മൂത്രത്തിലൂടെ രക്തം പോകുക ഇതൊക്കെയാണ് അതിന്റെ ലക്ഷണം. നാല്പത്തിയഞ്ചുവയസ്സു മുതൽ അമ്പതുവയസ്സുവരെയുള്ള പുരുഷന്മാർ വർഷത്തിലൊരിക്കലെങ്കിലും രക്തത്തിലെ പി.എ.എഫ് പരിശോധിക്കണം.

ആമാശയത്തിലെയും കുടലിലെയും കാൻസർ കണ്ടുപിടിക്കാൻ സാധിക്കും. മലത്തിലൂടെ രക്തം പോകുന്നുവെങ്കിൽ പരിശോധനയിലൂടെ കണ്ടുപിടിക്കാം.

കാൻസറിനെ കാണേണ്ടതുപോലെ കാണുവാൻ കഴിയുക എന്നതാണ് പ്രധാനം.

കാൻസർ രോഗികളോടുള്ള നമ്മുടെ മനോഭാവത്തിലും മാറ്റം ഉണ്ടാകേണ്ടതുണ്ട്. അവർക്കു നൽകുന്ന ചികിത്സാരീതിയോടുള്ള സമീപനവും ശ്രദ്ധിക്കേണ്ടതാണ്. കാൻസർ രോഗികളെ കാണാതെ തന്നെ ചികിത്സിക്കുന്നവരുണ്ട്. ഒരു സ്തനം മുഴുവൻ പുഴുവരിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗിയെ കാണുകയുണ്ടായി. ഒന്നുരണ്ടുവർഷമായി ചികിത്സയിലാണ്. ആ രോഗിയെ ചികിത്സിക്കുന്ന ഡോക്ടർ എന്നു പറയുന്ന ആൾ അതുവരെയും ആ രോഗിയെ നേരിൽ കണ്ടിട്ടില്ല. ആ വ്യക്തി യഥാർത്ഥത്തിൽ ശിക്ഷയ്ക്ക് അർഹനാണ്. ഫലപ്രദമായ ചികിത്സ കിട്ടാതെയാണ് ഏറെപ്പേരും കാൻസർ രോഗം മൂലം മരിക്കുന്നത്.

മറ്റുരോഗത്തെ അപേക്ഷിച്ച് കാൻസർ രോഗത്തിന് സാമൂഹികമായ ഒരു പശ്ചാത്തലമുണ്ട്. ഒരു കാൻസർ രോഗി രക്ഷപ്പെടുന്നത് ഡോക്ടറുടെ കഴിവുകൊണ്ടല്ല, നെഴ്സിന്റെ കഴിവുകൊണ്ടല്ല, ആശുപത്രിയുടെ കഴിവുകൊണ്ടുമല്ല, സമൂഹത്തിന്റെ കഴിവുകൊണ്ടാണ്. കാൻസർ ചികിത്സയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഘടകം സമൂഹമാണ്. ഒരാൾക്ക് കാൻസർ രോഗം വന്നാൽ നിങ്ങൾ അവരുടെ കൂടെയുണ്ടാവണം. തനിക്കുവേണ്ടി ജീവിക്കാൻ തനിക്കു ചുറ്റും ആളുകൾ ഉണ്ടെന്നുള്ള ബോധമാണ് അയാളിലെ രോഗത്തിന് ശമനമുണ്ടാക്കുന്നത്. ആ വിശ്വാസമാണ് അയാളിൽ ജീവനായി പ്രവർത്തിക്കുന്നത്. ഇച്ഛാശക്തിയാണ് പരമപ്രധാനം. ശാസ്ത്രീയമായ അടിസ്ഥാനമുണ്ടതിന്. രോഗപ്രതിരോധശക്തിക്ക് നമ്മെ സഹായിക്കുന്ന കെമിക്കലുകൾ ഇച്ഛാശക്തിയുള്ള ഒരാളിൽ വേഗതയിൽ പ്രവർത്തിക്കുന്നു. സമൂഹത്തിനവിടെ സ്ഥാനമുണ്ട്, ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും സംഗീതത്തിനും അവിടെ സ്ഥാനമുണ്ട്.

ജീവിതത്തിന്റെ ഒരു ഭാഗം ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുവാൻ കഴിയണം. അത്തരക്കാരുടെ ഇടയിൽ സേവനം ചെയ്യുമ്പോൾ കിട്ടുന്ന മനസ്സുഖം അതു വളരെ വലുതാണ്. അതിനുള്ള തയ്യാറെടുപ്പോടെ പ്രവർത്തിക്കുവാൻ കഴിയുമ്പോഴാണ് നമ്മുടെ ജീവിതം സഫലമാകുന്നത്.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.